**സബ്മിഷൻ**

(1) കൊട്ടിയൂർ വൈശാഖ മഹോത്സവം

ശ്രീ. സണ്ണി ജോസഫ്: സർ, ദക്ഷിണകാശി എന്നറിയപ്പെടുന്ന കൊട്ടിയൂരിൽ ഇപ്പോൾ വൈശാഖ മഹോത്സവം നടക്കുകയാണ്. 27 ദിവസത്തെ ഉത്സവമാണിത്. ഉത്സവത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് പഞ്ചായത്ത് തലത്തിലും മലബാർ ദേവസ്വം ബോർഡ് തലത്തിലും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലും യോഗം ചേരുകയും ജനങ്ങൾ ആവശ്യപ്പെട്ട നിർദ്ദേശങ്ങൾ പരിഗണിച്ച് ചില തീരുമാനങ്ങൾ എടുക്കുകയും ചെയ്തിരുന്നു. പക്ഷെ ഇപ്പോഴും വലിയ പ്രതിസന്ധിയാണ്. 35 ലക്ഷത്തിലധികം തീർത്ഥാടകരാണ് അവിടെ വരുന്നത്. നമ്മുടെ രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്ന് പ്രത്യേകിച്ച് തമിഴ്നാട്, കർണ്ണാടകം തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്ന് തീർത്ഥാടകർ എത്തുന്നുണ്ട്. എന്നാൽ നിലവിൽ അവിടെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കൂടുതലാണ്. അതിരൂക്ഷമായ ഗതാഗതക്കുരുക്കാണ് അവിടെ അനുഭവപ്പെടുന്നത്. 10 മണിക്കൂറിലധികം ആളുകൾ ഗതാഗതക്കുരുക്കിലകപ്പെടുന്നു. ഇതിനെക്കുറിച്ച് കോഴിക്കോട് നിന്നുള്ള

ആളുകൾ എന്നെ വിളിച്ച് അറിയിച്ചിട്ടുണ്ടായിരുന്നു. റോഡുകളുടെ വീതി കൂട്ടൽ, പാർക്കിംഗ് സംവിധാനങ്ങൾ, പോലീസിന്റെ ഫലപ്രദമായ ഇടപെടൽ എന്നിവ ഇക്കാര്യത്തിൽ ആവശ്യമാണ്. വേണ്ടത്ര രീതിയിൽ വൈദ്യസഹായവും ലഭ്യമാകുന്നില്ല. അവിടെയാകെയുള്ള ഫാമിലി ഹെൽത്ത് സെന്ററിൽ ആവശ്യത്തിന് ഡോക്ടർമാരുമില്ല. ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഒരു ഡോക്ടറെ ക്ഷേത്ര പരിസരത്ത് നിയോഗിച്ചത്. തിരക്കുകാരണം ദിവസേന നൂറ്റമ്പതോളം ആളുകൾ ബോധരഹിതരായി വീഴുന്ന സാഹചര്യമാണ്. അതുകൊണ്ട് ആവശ്യമായ മെഡിക്കൽ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ഞാനും അവിടം സന്ദർശിച്ചിരുന്നു. കുടിവെള്ളം ലഭ്യമാക്കുന്നതിൽ ക്ഷേത്ര ഭരണസമിതി നടപടിയെടുത്തിട്ടുണ്ട്. എത്തിച്ചേരുന്ന ആളുകളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ നിലവിലെ സംവിധാനം അപര്യാപ്തമാണ്. ടോയിലറ്റ്, പാർക്കിംഗ് സൗകര്യങ്ങൾ, താമസസൗകര്യങ്ങൾ എന്നിവയും പരിമിതമാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് ഇക്കാര്യങ്ങളൊക്കെ നന്നായി മനസ്സിലായിട്ടുണ്ട്. വയനാട്ടുമായി ബന്ധപ്പെട്ട് നിൽക്കുന്ന റോഡാണിത്. റോഡിന്റെ വീതി കൂട്ടലുമായി ബന്ധപ്പെട്ട

വികസനവും അനിവാര്യമാണ്. വിമാനത്താവളം റോഡായി 2017-ൽ ഏറ്റെടുത്തെങ്കിൽപ്പോലും ഇതുവരെ നടപടി പൂർത്തീകരിച്ചിട്ടില്ല. PMGSY (Pradhan Mantri Gram Sadak Yojana)-ൽ ഒരു സമാന്തരറോഡിന്റെ പ്രവൃത്തി ചെയ്യുന്നുണ്ട്. അതിലേയ്ക്കുള്ള ഒരു പാലത്തിന്റെ ചെറിയ ദൂരത്തിലേയ്ക്കുള്ള റോഡ് പോലും ഗതാഗതയോഗ്യമാക്കുന്നതിന് പലതവണ ആവശ്യപ്പെടുകയും ഇതുസംബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് സംസാരിക്കുകയും കളക്ടർക്ക് നിവേദനവും നൽകുകയും ചെയ്തു. പക്ഷേ വിഷയത്തിന് പരിഹാരം ഉണ്ടാകുന്നില്ല. ഇത് ബാവലിപ്പുഴയുടെ തീരത്താണ്. പുഴ സംരക്ഷണവും ഏറ്റവും അത്യാവശ്യമാണ്. ഒരു ബണ്ട് കെട്ടിയാണ് അക്കര കൊട്ടിയൂരിലേയ്ക്ക് പോകുന്നത്. ബണ്ടിന് പകരം പാലം ആവശ്യമാണ്. നോട്ടിഫൈഡ് ഫെസ്റ്റിവലായി പ്രഖ്യാപിച്ചാൽ മാത്രമേ ജനലക്ഷങ്ങൾ തീർത്ഥാടകരായി എത്തുന്ന ഈ ഉത്സവം നന്നായി നടത്താൻ കഴിയുകയുള്ളൂ. അതുകൊണ്ടുതന്നെ വൈശാഖ മഹോത്സവത്തെ ഒരു നോട്ടിഫൈഡ് ഫെസ്റ്റിവലായി പ്രഖ്യാപിക്കണമെന്ന ആവശ്യം ഉന്നയിക്കുകയാണ്. വിഷയവുമായി ബന്ധപ്പെട്ട് സഭയിൽ ഉന്നയിച്ച കാര്യങ്ങൾക്ക് ന്യായമായ

പരിഹാരമുണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് പ്രത്യേകമായി ആവശ്യപ്പെടുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. സണ്ണി ജോസഫ് ഇവിടെ ഉന്നയിച്ച വിഷയം ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു സൂപ്പർ ഗ്രേഡ് ക്ഷേത്രമാണ് കൊട്ടിയൂർ ക്ഷേത്രം. ദക്ഷിണകാശി എന്ന് വിശേഷിപ്പിക്കുന്ന ഒരു വലിയ ക്ഷേത്രമാണത്. മേയ്-ജൂൺ മാസങ്ങളിൽ 27 ദിവസങ്ങളായാണ് വൈശാഖ മഹോത്സവം നടക്കുന്നത്. ഈ മാസത്തിൽ അഭൂതപൂർവ്വമായ ഭക്തജനത്തിരക്കാണ് ഉണ്ടാകുന്നത്. 35 ലക്ഷത്തോളം ഭക്തർ എത്തുമെന്ന് സൂചിപ്പിക്കുകയുണ്ടായി. പക്ഷെ അതിനാവശ്യമായ സൗകര്യങ്ങൾ വേണ്ടത്രയില്ലെന്നാണ് അങ്ങിവിടെ ചൂണ്ടിക്കാണിച്ചത്. അതുമായി ബന്ധപ്പെട്ട് മലബാർ ദേവസ്വം ബോർഡ് പ്രത്യേക യോഗം ചേരുകയുണ്ടായി. ബഹുമാനപ്പെട്ട എം.എൽ.എ.-യും ആ യോഗത്തിൽ പങ്കെടുത്തിരുന്നു എന്നാണ്

മനസ്സിലാക്കുന്നത്. അതുപോലെ ലോക്കൽ ബോഡി യോഗങ്ങളും വിവിധ ഡിപ്പാർട്ടുമെന്റുകളെ യോജിപ്പിച്ചുകൊണ്ടുള്ള ജില്ലാ ഭരണകൂടത്തിന്റെ യോഗവും നടന്നിട്ടുണ്ട്. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. റോഡുകളുടെ സൗകര്യം, വാഹന സൗകര്യം, ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ, കുടിവെള്ളം സംബന്ധിച്ച വിഷയം, വൈദ്യുതി തുടങ്ങി എല്ലാ വകുപ്പുകളുമായും ബന്ധപ്പെട്ട കാര്യങ്ങളിൽ ഉചിതമായ തീരുമാനം എടുത്തിട്ടുണ്ട്. അവിടെ ഭൗതിക സാഹചര്യങ്ങൾ വളരെ കുറവാണ്. ദേവസ്വത്തിന്റെ ഗസ്റ്റ്ഹൗസ് ഉണ്ടെങ്കിലും ചെറിയ സൗകര്യങ്ങൾ മാത്രമാണുള്ളത്. അവിടെ കൂടുതൽ സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ക്ഷേത്രപരിസരത്ത് വരുന്ന ആളുകൾക്ക് പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കാൻ പോലുമുള്ള സൗകര്യം പരിമിതമാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ 10 മുറികളോടുകൂടിയിട്ടുള്ള 3 ടോയിലറ്റ് ബ്ലോക്ക് നിർമ്മിക്കുന്നതിന് 34,59,000 രൂപ പ്രത്യേകമായി അനുവദിച്ചിട്ടുണ്ട്. അതുപോലെ ഭക്തജനങ്ങൾ ക്യൂ നിൽക്കുന്ന ബാരിക്കേഡ് ശരിയാക്കുന്നതിനായി 17,12,000 രൂപയ്ക്കും എ.എസ്. നൽകിയിട്ടുണ്ട്. ഇതുമായി

ബന്ധപ്പെട്ട പ്രവൃത്തികൾ ഉത്സവത്തിനുമുമ്പ് ചെയ്യാൻ സാധിക്കില്ല. എങ്കിൽപ്പോലും ഭാവിയിൽ അവിടത്തെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടൽ നടത്തിയിട്ടുണ്ട്. കൊട്ടിയൂർ ഉത്സവത്തെ നോട്ടിഫൈഡ് ഫെസ്റ്റിവലായി മാറ്റണമെന്ന് അങ്ങ് സൂചിപ്പിച്ചിട്ടുണ്ട്. അക്കാര്യം പരിശോധിച്ച് തീരുമാനിക്കാം. നിലവിൽ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളെ യോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം നടക്കുന്നുണ്ട്. ജനപ്രതിനിധികളും നല്ലരീതിയിൽ സഹകരിക്കുന്നുണ്ട്. ദേവസ്വം ബോർഡും ആവശ്യമായ നിലപാടുകൾ സ്വീകരിക്കുന്നുണ്ട്. അവിടെ ആവശ്യമായ എല്ലാ സൗകര്യങ്ങളും തീർച്ചയായും ഒരുക്കുന്നതാണ്.

(2) <u>തിരൂരിലെ വൈദ്യുതി പ്രതിസന്ധി</u>

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, തിരൂരിലെ അതിരൂക്ഷമായ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. വേനൽക്കാലത്ത് വൈദ്യുതി മേഖലയിൽ വൈദ്യുതി പ്രതിസന്ധി രൂക്ഷമാണ്. എന്നാൽ തിരൂരിൽ സ്ഥിതി

അതിരൂക്ഷമാണ് എന്നതാണ് വസ്തുത. രണ്ട് ദിവസം വരെ വൈദ്യുതിയില്ലാത്ത സാഹചര്യം ഞങ്ങളുടെ പ്രദേശത്തുണ്ടായിട്ടുണ്ട്. അധികഭാരവും പ്രസരണ ശൃംഖലയുടെ അപര്യാപ്തതയുമാണ് ഈ പ്രതിസന്ധിക്ക് കാരണം. തിരൂർ, തിരുനാവായ, തവനൂർ മേഖലകളിൽ ഈ വേനൽക്കാലത്ത് ലോഡ്ഷെഡിംഗ് വേണ്ടിവന്നു. കേരളത്തിൽ ഒരു സർക്കിളിന് കീഴിൽ ശരാശരി 5,60,000 കൺസ്യൂമേഴ്സാണ് ഉള്ളതെങ്കിൽ തിരൂരിൽ ഒരു സർക്കിളിന് കീഴിൽ 7,60,000 കൺസ്യൂമേഴ്സാണുള്ളത്. ഒരു സർക്കിളിൽ ശരാശരി 32 സെക്ഷൻ ഓഫീസുകളാണുള്ളതെങ്കിൽ തിരൂരിൽ അത് 37 എണ്ണമാണ്. എല്ലാംകൊണ്ടും ഞങ്ങളുടെ സർക്കിളും അതിന് കീഴിലുള്ള മറ്റ് കേന്ദ്രങ്ങളും ഭാരം ചുമക്കുകയാണ്. വേനൽക്കാലത്ത് ട്രാൻസ്ഫോർമർ ഓഫാക്കിയാൽ ആ മേഖലയിൽ കറണ്ടില്ല എന്നതാണ് വസ്തുത. തിരൂർ ഫീഡറിൽ 11 KV ലൈനിന്റെ ലെങ്ത്ത് വളരെ കൂടുതലായതുകൊണ്ട് ഇടയ്ക്കിടക്ക് വൈദ്യുതി പ്രതിസന്ധി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. മെയിന്റനൻസിനുവേണ്ടി ഓഫാക്കിയാൽ കറണ്ട് എപ്പോഴാണ് വരികയെന്ന് കാത്തിരിക്കേണ്ട ഗതികേടാണ്. ഇതിനൊരു പരിഹാരമുണ്ടാക്കാൻ വൈദ്യുതി വകുപ്പ് തയ്യാറാകേണ്ടതുണ്ട്.

ഇതുമായി ബന്ധപ്പെട്ട് കുറച്ച് നിർദ്ദേശങ്ങൾ സൂചിപ്പിക്കാനുണ്ട്. ഒന്ന്, വെങ്ങാലൂർ സബ് സ്റ്റേഷന്റെ പ്രവൃത്തി കുറേക്കാലങ്ങളായി ഇഴഞ്ഞ് പോയിക്കൊണ്ടിരിക്കുകയാണ്. അത് പൂർത്തീകരിക്കണം. രണ്ട്, വൈരംകോട്, തിരുനാവായ, കൽപ്പകഞ്ചേരി ഡബിൾ സർക്യൂട്ട് ലൈനിന്റെ വർക്ക് ത്വരിതപ്പെടുത്താൻ സന്നദ്ധമാകണം. മൂന്ന്, എടപ്പാൾ-തവനൂർ ലൈനിൽ 33 KV ലൈൻ സ്ഥാപിക്കണം. ഇങ്ങനെയാണെങ്കിൽ ഒരു ഭാഗത്ത് വൈദ്യുതി മുടങ്ങിയാൽ എടപ്പാളിൽ നിന്ന് തിരൂരിലേയ്ക്ക് കൊണ്ടുവരാൻ കഴിയും. നാല്, ആലത്തിയൂർ-താനൂർ മേഖലകളിൽ പുതിയ 33 KV സബ്സ്റ്റേഷനുകൾ തുടങ്ങണം. മലപ്പുറം ജില്ലയിലെ പ്രത്യേക സാഹചര്യങ്ങൾ വിലയിരുത്താൻ വിളിച്ചുചേർത്ത മീറ്റിംഗിലെ തീരുമാനമനുസരിച്ച് മലപ്പുറം ജില്ലയിൽ സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. അതിന്റെ പൂർത്തീകരണവും കൂടിയായാൽ ഈ മേഖലയിലെ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണ് കരുതുന്നത്. ഇക്കാര്യങ്ങളിലെല്ലാം പരിഹാരമുണ്ടാക്കാൻ സന്നദ്ധമാകണമെന്നുമാത്രമാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം വളരെ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. തിരൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന തിരൂർ മുനിസിപ്പാലിറ്റിയിലും വളവന്നൂർ, കൽപ്പകഞ്ചേരി, വെട്ടം, തലക്കാട്, തിരുനാവായ, ആതവനാട് എന്നീ ഗ്രാമപഞ്ചായത്തുകളിലും വൈദ്യുതി പ്രസരണം സുഗമമാക്കുന്നതിന് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. തിരൂർ നഗരസഭയുടെ പ്രധാന ഭാഗങ്ങളിലേയ്ക്ക് വൈദ്യുതി വിതരണം നടത്തിവരുന്ന തിരൂർ 110 KV സബ്സ്റ്റേഷന്റെ ശേഷി 55.5MVA-ൽനിന്നും 60MVA ആയി ഉയർത്തുന്നതിനുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ട്രാൻസ്ഫോർമർ ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി പൂർത്തീകരിക്കാനാകും. അതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. തിരൂർ നിയോജകമണ്ഡലത്തിലെ സമഗ്ര വികസനം ലക്ഷ്യം വയ്ക്കുന്ന വെങ്ങാലൂർ 220 KV ജി.ഐ.എസ്. സബ്സ്റ്റേഷനുകളുടെ സ്ഥലമെടുപ്പ് അന്തിമ ഘട്ടത്തിലാണ്. അതിന്റെ തുക അടച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട എം.എൽ.എ. മുൻകയ്യെടുത്ത് സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കിയാൽ മതിയാകും.

അടിയന്തരപ്രാധാന്യം കണക്കിലെടുത്ത് ആദ്യഘട്ടമെന്ന നിലയിൽ 110 KV ട്രാൻസ്ഫോർമറുകളും അനുബന്ധ 11 KV ഫീഡറുകളും സ്ഥാപിക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നു. കൽപ്പകഞ്ചേരി, തിരുനാവായ എന്നീ പ്രദേശങ്ങളിലെ വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിലവിലുള്ള കൽപ്പകഞ്ചേരി, തിരുനാവായ എന്നീ 33 KV സബ് സ്റ്റേഷനുകളുടെ ശേഷി 10 MVA-ൽ നിന്ന് 16 MVA ആയി ഉയർത്തുന്ന ജോലികൾ 2022-ൽ പൂർത്തീകരിച്ചു. അതോടൊപ്പം തിരുനാവായയിലേയ്ക്ക് വരുന്ന 33 KV ലൈൻ ഡബിൾ സർക്യൂട്ട് ആക്കുന്നതിനും വൈരംകോട്-കൽപ്പകഞ്ചേരി 33 KV ലൈൻ കവേർഡ് കണ്ടക്ടർ ആക്കുന്ന പ്രവൃത്തികൾ Revamped Distribution Sector Scheme (RDSS) പദ്ധതിയിൽ ഉൾപ്പെടുത്തി പുരോഗമിക്കുന്നു. മാത്രമല്ല കുറ്റിപ്പുറം 110 KV സബ്സ്റ്റേഷന്റെ ശേഷി 25 MVA-ൽ നിന്ന് 40 MVA ആയി ഉയർത്തിയതും എടരിക്കോട് 110 KV സബ്സ്റ്റേഷന്റെ ശേഷി 35 MVA-ൽ നിന്ന് 52.5 MVA ആക്കി ഉയർത്താനുള്ള പ്രവൃത്തികളും ആതവനാട് - വള്ളുവൻ പ്രദേശങ്ങളിൽ ഗുണം ലഭിക്കുന്നവയാണ്. അതോടൊപ്പം ഇപ്പോൾ നിർമ്മാണപ്രവർത്തനം ആരംഭിച്ച കാടാമ്പുഴ 110 KV സബ്സ്റ്റേഷൻ

പൂർത്തിയാക്കുന്നതോടെ ഇവിടേയ്ക്ക് സുഗമമായ വൈദ്യുതി വിതരണം സാധ്യമാകുന്നതാണ്. മലപ്പുറം പാക്കേജിൽ ഉൾപ്പെടുത്തി ഭാവിയിൽ വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപയോഗം കണക്കിലെടുത്ത് പൊന്മുണ്ടത്ത് ഒരു 110 KV സബ്സ്റ്റേഷനും താനൂർ, കവലങ്ങാട് എന്നീ സ്ഥലങ്ങളിൽ 33 KV സ്റ്റേഷനുകളും സ്ഥാപിക്കാനുള്ള സാങ്കേതിക പരിശോധനകൾ നടന്നുവരുന്നു. ടി പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ നിയോജകമണ്ഡലത്തിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(3) സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതന വർദ്ധന

ശ്രീ. കെ. ഡി. പ്രസേനൻ: സർ, സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പൊതുധാരയിലേയ്ക്കെത്തിക്കുന്നതിന് സഹായിക്കുന്ന പ്രമുഖ വിഭാഗമായ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ ദുരവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുക എന്നതാണ് ഈ സബ്മിഷന്റെ ലക്ഷ്യം. രണ്ടു പതിറ്റാണ്ടിലധികമായി ബി.ആർ.സി.-കൾ കേന്ദ്രീകരിച്ച് കരാർ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് അവർ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത്

ലഭിച്ചിരുന്ന വേതനം ഇപ്പോൾ ലഭിക്കുന്നില്ലയെന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. 2018-ൽ സമഗ്ര ശിക്ഷാ കേരള പദ്ധതി നിലവിൽ വന്നതിനുശേഷം മുമ്പ് ലഭിച്ച വേതനത്തിൽ വെട്ടിക്കുറവുണ്ടായി. സെക്കൻഡറി വിഭാഗത്തിൽ 28,815 രൂപയും എലിമെന്ററി വിഭാഗത്തിൽ 22,000 രൂപയും വേതനം നൽകി നിയമിക്കപ്പെട്ട ഇവർക്ക് 2018 മുതൽ യഥാക്രമം 25,000 രൂപയും 20,000 രൂപയുമായി വെട്ടിക്കുറയ്ക്കുകയാണുണ്ടായത്. ജീവിത ചെലവുകൾ വർദ്ധിച്ചുവരുന്ന വർത്തമാനകാല ഇന്ത്യൻ സാഹചര്യത്തിൽ വേതനത്തിലുണ്ടാകേണ്ട കാലാനുസൃതമായ വർദ്ധനവിന് പകരം ഈ കുറവ് ഏറ്റുവാങ്ങുന്ന ടി വിഭാഗത്തിന്റെ പ്രശ്നങ്ങൾ നമുക്ക് പരിഹരിക്കാൻ കഴിയേണ്ടതുണ്ട്. ഇവർക്ക് ഇപ്പോൾ ജോലി സ്ഥിരതയുമില്ല. അതും അനിശ്ചിതത്വത്തിലാണ്. 2021-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശം നടപ്പാക്കാൻ നമുക്ക് സാധിക്കുമോ എന്നാലോചിക്കണം. പൊതുവിദ്യാലയങ്ങളിൽ ഇവർക്ക് ആവശ്യമായ സ്ഥിര നിയമനത്തിന് നടപടി സ്വീകരിക്കാൻ കഴിയുമോയെന്നും ആലോചിക്കേണ്ടതുണ്ട്. കാലാനുസൃതമായ

വേതനവർദ്ധനവ് ഉടൻ നടപ്പാക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2018 ഏപ്രിൽ മുതലാണ് സമഗ്ര ശിക്ഷാ കേരള പദ്ധതി നിലവിൽ വന്നത്. 2018-നുമുമ്പ് സെക്കൻഡറി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ ആർ.എം.എസ്.എ. (രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ)-യുടെ കീഴിലായിരുന്നു പ്രവർത്തിച്ചിരുന്നത്. എസ്.എസ്.എ. (സർവ്വ ശിക്ഷാ അഭിയാൻ)-യുടെ ഭാഗമായിരുന്ന കാലയളവിൽ എലിമെന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 22,000 രൂപയും സെക്കൻഡറി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 28,815 രൂപയും വീതം വേതനം നൽകിയിരുന്നു. പത്തുമാസത്തേയ്ക്കാണ് ഈ തുക നൽകിയിരുന്നത്. അവധിക്കാലമായ ഏപ്രിൽ-മേയ് മാസങ്ങളിൽ ഇവരുടെ സേവനം ലഭിച്ചിരുന്നില്ല. എന്നാൽ 2018-19 അധ്യയന വർഷം മുതൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് വർഷത്തിൽ പന്ത്രണ്ട് മാസവും കരാറടിസ്ഥാനത്തിൽ നിയമനം നൽകിവരുന്നു. സമഗ്ര ശിക്ഷാ മാനദണ്ഡപ്രകാരം ഇന്ത്യയിലെ എല്ലാ

സംസ്ഥാനങ്ങളിലും എലിമെന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം നൽകാവുന്ന പരമാവധി തുക 20,000 രൂപയും സെക്കൻഡറി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം നൽകാവുന്ന പരമാവധി തുക 25,000 രൂപയുമാണ്. ഇതോടൊപ്പംതന്നെ എല്ലാ വർഷവും സർക്കാർ അനുവദിക്കുന്ന ഓണം ഫെസ്റ്റിവൽ അലവൻസ്, ടി.എ. എന്നിവയും അവർക്ക് നൽകിവരുന്നു. എല്ലാ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്കും ശമ്പളത്തിനു പുറമെ ഇ.പി.എഫ്./ഇ.എസ്.ഐ. വിഹിതവും നൽകുന്നുണ്ട്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ഓരോ വർഷവും പ്രോജക്ട് അപ്രൂവൽ ബോർഡ് യോഗം ചേർന്നാണ് സമഗ്ര ശിക്ഷാ കേരളയുടെ വിവിധ പദ്ധതികൾ അംഗീകരിക്കുന്നതും പ്രവർത്തനങ്ങൾക്കായി തുക അനുവദിക്കുന്നതും. ഇത് 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന സർക്കാർ വിഹിതവും എന്ന രീതിയിലാണ് നടപ്പിലാക്കുന്നത്. സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വാർഷിക ശമ്പളം വർദ്ധിപ്പിച്ചുവെങ്കിലും പത്തുമാസത്തേയ്ക്കായി നൽകിവരുന്ന തുക പന്ത്രണ്ട് മാസങ്ങളിലായി നൽകുന്നതിനാലാണ് പ്രതിമാസ ശമ്പളത്തിൽ നേരിയ കുറവ് അനുഭവപ്പെടുന്നത്.

2021 ഒക്ടോബർ 28-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി (Writ Petition (Civil) 132 of 2016) പ്രകാരം പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ സ്ഥിരമായി നിയമിക്കണമെന്ന് ഉത്തരവായിരുന്നു. എന്നാൽ സമഗ്ര ശിക്ഷാ കേരളം ഒരു പ്രോജക്ടായതിനാൽ സ്ഥിര നിയമനം അപ്രായോഗികമാണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽനിന്നും നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാനാവൂ. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP(C) 132/2016, 876/2017 നമ്പർ കേസിലെ 2021 ഒക്ടോബർ 28-ലെ വിധിന്യായം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 2021 ജനുവരി 17-ലെ സ.ഉ.(സാധാ)നം.371/2022/പൊ.വി.വ. പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു താൽക്കാലിക ക്രമീകരണമെന്ന നിലയിൽ സമഗ്ര ശിക്ഷാ കേരളയുടെ കീഴിൽ ക്ലബ്ബിംഗ് രീതിയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള 2,886 സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനും അതോടൊപ്പം സ്വീകരിക്കേണ്ട അനുബന്ധ നടപടിക്രമങ്ങൾ സംബന്ധിച്ചും

2022 ജൂലൈ 7-ലെ സ.ഉ. (സാധാ)നം. 3973/2022/പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഭിന്നശേഷി കുട്ടികളെ പരിപാലിക്കുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം വിലപ്പെട്ടതാണ്. അതിന്റെ മഹത്വം ഈ സർക്കാർ മനസ്സിലാക്കുന്നുമുണ്ട്. ബഹുമാനപ്പെട്ട കോടതിയുടെ 2021 ഒക്ടോബർ 28-ലെയും തുടർന്നുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ നിലവിലുള്ള മാനദണ്ഡങ്ങൾപ്രകാരം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ സ്ഥിരമായി നിയമിക്കുകയാണെങ്കിൽ വലിയ സാമ്പത്തിക ബാധ്യതയുണ്ടാകുമെന്നതിനാൽ ഈ വിഷയം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയിട്ടുണ്ട്. ടി ഫയൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 2024 ജൂൺ 5-ൽ ഒരു ഉന്നതതല യോഗം ചേർന്നിട്ടുണ്ട്. അതിലെ തീരുമാനത്തിന്റെകൂടി അടിസ്ഥാനത്തിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ നിയമനം, വേതനം എന്നിവ സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(4) പരപ്പനങ്ങാടിയിലെ വിദ്യാർത്ഥിനിയുടെ ആത്മഹത്യ

ശ്രീ. കെ. പി. എ. മജീദ്: സർ, വളരെ നിർഭാഗ്യകരവും വേദനാജനകവുമായ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ സബ്മിഷൻ അവതരിപ്പിക്കുന്നത്. പ്ലസ് വൺ അലോട്ട്മെന്റ് സീറ്റ് ലഭിക്കാത്തതിനെത്തുടർന്ന് എന്റെ മണ്ഡലത്തിലെ പരപ്പനങ്ങാടിയിൽ ഒരു വിദ്യാർത്ഥിനി ആത്മഹത്യ ചെയ്ത അത്യന്തം വേദനാജനകവും ദൗർഭാഗ്യകരവുമായ സംഭവം അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. പ്ലസ് വൺ സീറ്റിലേയ്ക്കുള്ള രണ്ട് അലോട്ട്മെന്റിലും സീറ്റ് ലഭിക്കാത്തതിനാലും കൂടെ പഠിച്ചിരുന്ന കുട്ടികൾക്ക് സീറ്റ് ലഭിച്ചതിനെ തുടർന്നുണ്ടായ നിരാശയിലുമാണ് ഈ ആത്മഹത്യ ഉണ്ടായത്. പരപ്പനങ്ങാടി പുത്തരിക്കൽ ജയകേരള റോഡിൽ പുതിയന്റകത്ത് മുഹമ്മദ് ബഷീർ-റാബിയ ദമ്പതികളുടെ മകൾ ഹാദി റുഷ്ദ (15)-യാണ് ഇന്നലെ വൈകിട്ട് മുറിയിൽ തൂങ്ങിമരിച്ചതായി കണ്ടത്. ഇക്കാര്യത്തിൽ ആവശ്യമായ അന്വേഷണം നടത്താനും പ്ലസ് വൺ സീറ്റ് കിട്ടാത്തതിന്റെ ഫലമായി ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും വേണ്ടിയുള്ള അടിയന്തരമായ ജാഗ്രതയും

നടപടിയും അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഈ സംഭവം അരമണിക്കൂർ മുമ്പാണ് ബഹുമാനപ്പെട്ട എം.എൽ.എ. എന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അതുസംബന്ധിച്ച് വിശദമായ വിവരങ്ങളൊന്നും എനിക്ക് ലഭിച്ചിട്ടില്ല. വിവരം ശേഖരിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ. എങ്കിലും അദ്ദേഹം ഇത്രയും പറഞ്ഞ സ്ഥിതിക്ക് മറുപടി പറയുകയാണ്. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി എസ്.എൻ.എം.എച്ച്.എസ്.എസ്.-ലെ പത്താം ക്ലാസ് പരീക്ഷയിൽ വിജയിച്ച വിദ്യാർത്ഥിനി ആത്മഹത്യ ചെയ്ത സംഭവം വളരെ ദൗർഭാഗ്യകരമാണ്. അതിൽ ഖേദം പ്രകടിപ്പിക്കുകയാണ്. ആത്മഹത്യയുടെ കാരണം എന്താണെന്ന് സംബന്ധിച്ച് പോലീസിൽനിന്നും വിവരങ്ങൾ തേടിയിട്ടുണ്ട്. പ്രാഥമിക വിവരമനുസരിച്ച് കുട്ടിക്ക് സീറ്റ് ലഭിക്കാതിരിക്കുന്ന പ്രശ്നമില്ലെന്നാണ് മനസ്സിലാക്കുന്നത്. ഈ വിദ്യാർത്ഥിനി കമ്മ്യൂണിറ്റി ക്വാട്ടയിൽതന്നെ സീറ്റിന് അർഹയാണ്. ഒന്നാം ഘട്ട അലോട്ട്മെന്റ് മാത്രമാണ് പൂർത്തീകരിച്ചിരിക്കുന്നത്. രണ്ടാം ഘട്ട അലോട്ട്മെന്റ്

ഇന്നുമുതൽ മാത്രമേ ആരംഭിക്കുകയുള്ളൂ. കമ്മ്യൂണിറ്റി ക്വാട്ടയുടെ റിസർവേഷനും ഇന്ന് മുതലാണ് ആരംഭിക്കുന്നത്. മിക്കവാറും എല്ലാപേർക്കും മൂന്നാമത്തെ അലോട്ട്മെന്റോടുകൂടി സീറ്റുകൾ ലഭിക്കും. ഇതിനുശേഷം സപ്ലിമെന്ററി അലോട്ട്മെന്റുകളുമുണ്ടാകും. ജൂൺ മാസം 24-ന് മാത്രമേ ക്ലാസ്സുകൾ ആരംഭിക്കുകയുള്ളൂ. അതിനുമുന്നോടിയായി എല്ലാ കുട്ടികൾക്കും വിവിധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം ഉറപ്പാക്കുന്നതാണ്. ഇതിനൊന്നും കാത്തുനിൽക്കാതെ കുട്ടി വിടപറഞ്ഞത് ഏറെ വേദനാജനകമാണ്. രക്ഷിതാക്കളുടെ ദു:ഖത്തിൽ പങ്കുചേരുന്നു. കുട്ടിയുടെ വേർപാട് പ്ലസ് വൺ അഡ്മിഷനുമായി ബന്ധപ്പെടുത്തേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. എനിക്ക് കുറച്ച് വിവരങ്ങൾ  ലഭിച്ചത് ഇപ്പോൾ സഭയിൽ വെളിപ്പെടുത്തുന്നില്ല. കുറച്ചുകൂടി വിവരങ്ങൾ ലഭിച്ചതിനുശേഷം സഭയിൽ വെളിപ്പെടുത്താം. ഈ കുട്ടിക്ക് 5 എ+, 3 ബി+, 1 ബി, 1 സി എന്നിങ്ങനെയാണ് ലഭിച്ചിട്ടുള്ളത്. പ്ലസ് വൺ അഡ്മിഷനുമായി ബന്ധപ്പെടുത്തി ഈ ആത്മഹത്യ ഉന്നയിക്കുന്നത് നാട്ടിലെ രക്ഷകർത്താക്കളെയും കുട്ടികളെയും ഭയപ്പെടുത്തുന്ന ഒരു രീതിയുണ്ടാക്കുന്നത് ഗുണകരമായിരിക്കുമെന്ന് തോന്നുന്നില്ല. ഇക്കാര്യം കുറച്ചുകൂടി വിശദമായി

അന്വേഷിക്കാം. എന്തായാലും പ്ലസ് വൺ അഡ്മിഷനുമായി ബന്ധപ്പെട്ടിട്ടുള്ളതല്ല ഈ ആത്മഹത്യയെന്നാണ് പോലീസിൽനിന്നും ലഭിച്ച പ്രാഥമിക വിവരം.

(5) കോന്നിയിലെ വന്യമൃഗശല്യം

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കോന്നി നിയോജകമണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ വന്യമൃഗശല്യം രൂക്ഷമാകുകയാണ്. കലഞ്ഞൂർ പഞ്ചായത്തിലെ കുളത്തുമണ്ണിൽ കഴിഞ്ഞ 20 ദിവസത്തിനിടയിൽ രണ്ട് തവണയാണ് കടുവയിറങ്ങി വളർത്തുമൃഗങ്ങളെ ആക്രമിച്ചത്. ജനങ്ങളാകെ പരിഭ്രാന്തിയിലാണ്. വനം വകുപ്പ് പ്രത്യേക ടീമിനെ നിശ്ചയിച്ച് കൂട് സ്ഥാപിച്ചുകൊണ്ട് കടുവയെ പിടികൂടാനുള്ള നടപടികളുണ്ടാവണമെന്നാണ് നാട്ടുകാർ ആവശ്യപ്പെടുന്നത്. ഈ പഞ്ചായത്തിലെ പോത്തുപാറ, തട്ടാക്കുടി, പാടം മേഖലകളിൽ അടുത്ത ദിവസങ്ങളിൽ നിരവധി വളർത്തുമൃഗങ്ങളെ പുലി ആക്രമിക്കുന്ന സാഹചര്യമുണ്ടായി. അതോടൊപ്പം തണ്ണിത്തോട്, ചിറ്റാർ, സീതത്തോട്, അരുവാപ്പുലം, മലയാലപ്പുഴ തുടങ്ങിയ പഞ്ചായത്തുകളിൽ കാട്ടാന ശല്യം അതിരൂക്ഷമാണ്. വീടുകൾക്കും കൃഷി ഭൂമികൾക്കുമെല്ലാം നിരന്തരം കാട്ടാനകൾ ശല്യം ചെയ്യുന്ന ഒരു സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്.

കുരങ്ങും മയിലും വ്യാപകമായി കൃഷി നശിപ്പിക്കുകയാണ്. കാട്ടുപന്നിയുടെ ആക്രമം നിരവധി കർഷകർക്ക് ദിവസേന അപകടം വരുത്തുന്നുണ്ട്. സർക്കാർ അനുവദിക്കുന്ന നഷ്ടപരിഹാര തുക പലപ്പോഴും കൃത്യമായി വിതരണം ചെയ്യാൻ കഴിയുന്നില്ല. നിരന്തരം ഇത്തരം ആക്രമണമുണ്ടാകുന്നതിനാൽ വകുപ്പുമന്ത്രി തന്നെ ഇക്കാര്യത്തിൽ ഇടപെട്ട് ഒരു ആർ.ആർ.ടി.-യെ കോന്നിയിൽ പുതുതായി അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടികളുണ്ടാകണം. ധാരാളം സ്ഥലങ്ങളിൽ സോളാർ വേലി സ്ഥാപിച്ചിട്ടുണ്ടെങ്കിലും പരിപാലനത്തിന് വാച്ചർമാർ ഇല്ലാത്തതിനാൽ അവയെല്ലാം നശിക്കുകയാണ്. കിടങ്ങുകളും മതിലുകളും കൂടുതലായി നിർമ്മിക്കേണ്ടതുണ്ട്. ജനങ്ങളുടെ സ്വൈരജീവിതത്തിന് തടസ്സം നിൽക്കുന്ന വന്യമൃഗങ്ങളുടെ ശല്യം ഒഴിവാക്കുന്നതിനുവേണ്ടി വനം വകുപ്പിലെ ഉദ്യോഗസ്ഥർ ഇടപെടണം. നിരന്തരം ആക്രമണങ്ങളുണ്ടാകുന്ന സ്ഥലങ്ങളിൽ വനം വകുപ്പിന്റെ ഉന്നത ഉദ്യോഗസ്ഥർ സന്ദർശിച്ച് ജനങ്ങളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഉറപ്പുവരുത്തണം. അടൂർ നിയോജകമണ്ഡലത്തിന്റെ അതിർത്തി പ്രദേശമായ കലഞ്ഞൂർ

പഞ്ചായത്തിലാണ് കടുവ എത്തിയിരിക്കുന്നത്. അടുത്തത് കൊടുമണ്ണിലേയ്ക്കാണ് വരുന്നത്. അത് അങ്ങേയ്ക്ക് ഭാവിയിൽ പ്രശ്നമാണ്. ഈ ഗൗരവതരമായ സാഹചര്യത്തിൽ കൂടുതൽ ശ്രദ്ധയോടെയും ജാഗ്രതയോടെയും ഇടപെടാൻ ആവശ്യമായ നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, അങ്ങയെ കൂടി ബാധിക്കുന്ന പ്രശ്നമായിട്ടാണ് ബഹുമാനപ്പെട്ട എം.എൽ.എ. വന്യജീവി ആക്രമണം സംബന്ധിച്ച സബ്മിഷനിൽ ഉന്നയിച്ചത്. എം.എൽ.എ. ഇവിടെ ഉന്നയിച്ചതുപോലെ കോന്നി മണ്ഡലത്തിലെ കോന്നി ഡിവിഷനിൽപ്പെട്ട സംഘർഷ മേഖലകളിൽ കടുവയുടെയും പുലിയുടെയും കാട്ടാനയുടെയും സാന്നിദ്ധ്യമുണ്ട്. സംഘർഷ മേഖലയായ പാടം സ്റ്റേഷൻ പരിസരത്തെ പോത്തുപാറ, ഇഞ്ചിപ്പാറ എന്നീ സ്ഥലങ്ങളിൽ രണ്ട് കൂടുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ ഈ വർഷം തന്നെ പുലിയെ പിടിച്ച് സുരക്ഷിതമായി കാട്ടിലേയ്ക്ക് അയച്ചിട്ടുണ്ട്. ഓരോ സംഭവവും അവലോകനം ചെയ്യുന്നതിനായി National Tiger Conservation Authority (NTCA)-യുടെ പ്രോട്ടോക്കോൾ പ്രകാരം

കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വന്യമൃഗ സാന്നിദ്ധ്യമുള്ള സ്ഥലങ്ങളിൽ ക്യാമറ ട്രാപ്പുകൾ സ്ഥാപിക്കുകയും പട്രോളിംഗ് ശക്തമാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. 14.05.2024-ൽ കൂടിയ ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ ഏത് മൃഗമാണെന്ന് തിരിച്ചറിഞ്ഞതിനുശേഷം NTCA പ്രോട്ടോക്കോൾ പ്രകാരം കൂടുകൾ സ്ഥാപിക്കുന്നതിനുള്ള ശിപാർശകളും നൽകാൻ കഴിഞ്ഞിട്ടുണ്ട്. വനത്തോട് ചേർന്ന് കൈതച്ചക്ക പോലുള്ളവ വച്ചുപിടിപ്പിക്കുന്നത് നിർത്തിവയ്ക്കാൻ ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നഷ്ടപരിഹാര തുക നൽകുന്നതിന് കാലതാമസം വരുന്നുണ്ടെന്നുള്ള സൂചന സബ്മിഷനിലൂടെ വന്നിട്ടുണ്ട്. 2021 മുതൽ വന്യമൃഗ ആക്രമണവുമായി ബന്ധപ്പെട്ട് ലഭിച്ച 708 അപേക്ഷകളിലായി 129 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 185 കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജ വേലികൾ സ്ഥാപിച്ചിട്ടുണ്ട്. District Emergency Operation Centre സ്ഥാപിച്ച് 24 മണിക്കൂറും പ്രവർത്തിക്കാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ഒരു ഡെപ്യൂട്ടി റേഞ്ച് ഓഫീസറുടെ നേതൃത്വത്തിൽ 13 അംഗ ആർ.ആർ.ടി.യ്ക്ക്

വാഹനമുൾപ്പെടെയുള്ള സംവിധാനങ്ങളും ഉപകരണങ്ങളുമായി നിരന്തരം സേവനം നൽകുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലുള്ളയിടത്ത് സ്റ്റേഷൻ സ്റ്റാഫും ആർ.ആർ.ടി.-യും കൂടാതെ സ്പെഷ്യൽ ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ച് കൂടുതൽ വാച്ചർമാരെ നിയോഗിച്ച് സംരക്ഷണ സേനയെ ശക്തിപ്പെടുത്തുന്നതാണ്. മനുഷ്യ-വന്യജീവി സംഘർഷ സാധ്യതയുള്ള പ്രദേശങ്ങളിൽ പൊതുജനങ്ങളുടെ പങ്കാളിത്തതോടുകൂടി വാട്സ് ആപ് ഗ്രൂപ്പുകൾ രൂപീകരിച്ച് വന്യമൃഗ സാന്നിദ്ധ്യത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുവാനും സുരക്ഷിതത്വം ഉറപ്പുവരുത്താനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും Centralised Message Alert സംവിധാനം പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. ജനജാഗ്രതാ സമിതികൾ ഓരോ മൂന്ന് മാസത്തിലൊരിക്കലും യോഗം ചേർന്ന് ഇത് അവലോകനം ചെയ്യേണ്ടതും പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുമുണ്ട്. അതുപോലെതന്നെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഒരു പദ്ധതി തയ്യാറാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ നടുവത്തുമൂഴി റേഞ്ചിലെ മനുഷ്യ-വന്യജീവി സംഘർഷ പ്രദേശങ്ങളിൽ 15

കിലോമീറ്റർ സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കുന്നതിനായി 110 ലക്ഷം രൂപയും നിലവിലുള്ള സൗരോർജ്ജ വേലികൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി പുതുതായി 3 കിലോമീറ്റർ സൗരോർജ്ജ വേലി നിർമ്മിക്കുന്നതിനുമായി 77 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ ജോലികളെല്ലാം ടെണ്ടർ ചെയ്തിട്ടുണ്ട്. അടുത്ത 6 മാസത്തിനുള്ളിൽ പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (6) ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നുള്ള ബസ് സർവ്വീസുകൾ

ശ്രീ. ജോബ് മൈക്കിൾ: സർ, ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നുള്ള ബസ് സർവ്വീസുകളുടെ എണ്ണം കുറഞ്ഞതിനെക്കുറിച്ചാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. ചങ്ങനാശ്ശേരി ഡിപ്പോയിൽനിന്നും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നിർത്തിവച്ച കറുകച്ചാൽ, മണിമല, പൊൻകുന്നം, കാഞ്ഞിരപ്പിള്ളി തുടങ്ങിയ കിഴക്കൻ മേഖലകളിലേയ്ക്കുള്ള സർവ്വീസുകൾ നാളിതുവരെ പുനരാരംഭിച്ചിട്ടില്ല. ഇതെല്ലാം ചങ്ങനാശ്ശേരി ഡിപ്പോയ്ക്ക് നല്ല വരുമാനം ലഭിച്ചിരുന്ന സർവ്വീസുകളാണ്. ഇപ്പോൾ ഈ മേഖലയിൽ സ്വകാര്യ ബസുകൾ സർവ്വീസുകൾ നടത്തി

വരുമാനം നേടുകയാണ്. എന്നാൽ രാത്രി 8 മണിക്കുശേഷം സ്വകാര്യ ബസുകളോ കെ.എസ്.ആർ.ടി.സി. ബസുകളോ ഈ മേഖലയിലേയ്ക്ക് സർവീസ് നടത്തുന്നില്ല. ഇതുമൂലം രാത്രികാലങ്ങളിൽ ചങ്ങനാശ്ശേരി റെയിൽവേ സ്റ്റേഷനിലിറങ്ങുന്ന നൂറുകണക്കിന് യാത്രക്കാർക്ക് ചങ്ങനാശ്ശേരിയുടെ കിഴക്കൻ മേഖലയിലേയ്ക്കെത്താൻ മറ്റ് സംവിധാനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയാണ്. മികച്ച വരുമാനമുണ്ടായിരുന്ന ചങ്ങനാശ്ശേരി-ചെങ്ങറ-പുതുപ്പള്ളി-മുളവൂകാട് വഴി ഏറ്റുമാനൂരിലേയ്ക്കുള്ള സർവീസും ചങ്ങനാശ്ശേരിയിൽനിന്ന് അമൃത ആശുപത്രിയിലേയ്ക്കുള്ള സർവ്വീസും നിർത്തലാക്കിയതുമൂലം യാത്രക്കാർ വളരെ ബുദ്ധിമുട്ടിലാണ്. അതോടൊപ്പം കിഴക്കൻ മേഖലയായ ചങ്ങനാശ്ശേരി-കട്ടപ്പന സർവീസ്, ചങ്ങനാശ്ശേരി-പത്തനംതിട്ട-ഗുരുവായൂർ സർവീസ്, രാത്രി പത്ത് മണിക്ക് ചങ്ങനാശ്ശേരിയിൽനിന്ന് പത്തനാപുരം വഴി മണിമലയ്ക്കുള്ള സർവീസുകൾ തുടങ്ങി കളക്ഷനുള്ള പ്രധാനപ്പെട്ട സർവ്വീസുകൾ നിർത്തിവച്ചിരിക്കുന്നത് യാത്രക്കാർക്ക് വളരെയധികം ബുദ്ധിമുട്ടാണ്. ചങ്ങനാശ്ശേരിയിൽനിന്നുണ്ടായിരുന്ന ദീർഘദൂര സർവ്വീസുകളും കോവിഡിന്റെ

പശ്ചാത്തലത്തിൽ നിർത്തലാക്കി. ലാഭകരമായിരുന്ന സർവ്വീസുകൾ ഉടൻതന്നെ പുനരാരംഭിക്കണം. അപകടാവസ്ഥയിലായിരുന്ന പഴയ ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് പൊളിച്ചുമാറ്റുകയും പുതിയത് പണിയുന്നതിനായി മൂന്ന് വർഷത്തെ എം.എൽ.എ. ഫണ്ടിൽനിന്ന് 7,05,00,000/- രൂപ അനുവദിക്കുകയും എ.എസ്. ലഭിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ റ്റി.എസ്. ആയിക്കൊണ്ടിരിക്കുന്നു; ടെണ്ടർ നടപടികളിലേയ്ക്ക് നീങ്ങുകയാണ്. പഴയ ബസ് സ്റ്റാൻഡ് പൊളിച്ച് നീക്കിയപ്പോൾ യാത്രക്കാരുടെ അസൗകര്യം പരിഹരിക്കുന്നതിനായി ഞാൻ ഇടപെടുകയും പ്രവാസി കൂട്ടായ്മയായ 'ഫ്രണ്ട്സ് ഓഫ് ചങ്ങനാശ്ശേരി' ഒരു താൽക്കാലിക ഷെഡ് നിർമ്മിച്ച് നൽകുകയും ചെയ്തു. അവിടെ യാത്രക്കാർക്ക് കുടിവെള്ളവും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തി. ഇപ്പോൾ ടെണ്ടർ നടപടികളിലേയ്ക്ക് പോകുന്ന ചങ്ങനാശ്ശേരി ബസ് സ്റ്റാൻഡിന്റെ നിർമ്മാണം ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് അടിയന്തരമായി പൂർത്തീകരിക്കുവാനും ഉദ്ഘാടനം നടത്താനുമുള്ള നടപടികളുണ്ടാവണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച വിഷയം കോവിഡിനുശേഷം ചങ്ങനാശ്ശേരി ഡിപ്പോയിൽനിന്നുമുള്ള പല ബസുകളും നിർത്തലാക്കിയത് സംബന്ധിച്ചാണ്. കോവിഡിനുശേഷം നമ്മുടെ നാട്ടിൽ ഒരു സംസ്കാരമുണ്ടായിട്ടുണ്ട്. കോവിഡ് കഴിഞ്ഞതോടുകൂടി എല്ലാവരും സ്വന്തമായി വാഹനം വാങ്ങിക്കാൻ തുടങ്ങിയത് കെ.എസ്.ആർ.ടി.സി.-യും സ്വകാര്യ ബസുകളും ഉൾപ്പെടുന്ന പൊതുഗതാഗതത്തിന് വലിയ പ്രതിസന്ധി സൃഷ്ടിക്കുകയും കോവിഡിന് മുമ്പുള്ളതിനേക്കാൾ വരുമാനം കുറയുകയും ചെയ്തു. എല്ലാവരും സ്കൂട്ടറും കാറും വാങ്ങുന്ന ഒരു സംസ്കാരത്തിലേയ്ക്ക് വന്നത് കെ.എസ്.ആർ.ടി.സി.-യെ ബാധിച്ചിട്ടുണ്ടെന്നത് ശരിയാണ്. കാറിലും സ്കൂട്ടറിലും യാത്ര ചെയ്യുന്നവരെ തിരിച്ചുകൊണ്ടുവരുന്നതിനായി കെ.എസ്.ആർ.ടി.സി. ബസുകളിലും ബസ് സ്റ്റേഷനുകളിലും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട അംഗം എം.എൽ.എ. ഫണ്ടിൽനിന്നും 7,05,00000/- രൂപ നൽകിയത് വളരെ സന്തോഷമുള്ള കാര്യമാണ്. നിർമ്മാണം തുടങ്ങാൻ സാധിച്ചില്ലെന്നുള്ള നിരാശ അങ്ങ്

രേഖപ്പെടുത്തി. പല എം.എൽ.എ.മാരും അതത് ഡിപ്പോകളിലേയ്ക്ക് കോടിക്കണക്കിന് രൂപ അനുവദിച്ചിട്ടുണ്ട്. അവരെയെല്ലാം അഭിനന്ദിക്കുകയാണ്. ആ പണികളൊന്നും തുടങ്ങാൻ കഴിഞ്ഞില്ലെന്ന യാഥാർത്ഥ്യം മനസ്സിലാക്കി ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി സംസാരിക്കുകയും എല്ലാ കെട്ടിടങ്ങളും പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് വിഭാഗത്തെക്കൊണ്ട് ചെയ്യിക്കാമെന്ന് അദ്ദേഹം സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് അടുത്ത ദിവസം ഒരു യോഗം വിളിച്ചിട്ടുണ്ട്, യോഗത്തിൽ ഇക്കാര്യം ഫൈനലൈസ് ചെയ്യും. ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണം പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സിനാണ് നൽകിയിരിക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് പി.ഡബ്ല്യു.ഡി. വിഭാഗത്തിന്റെ മാസംതോറുമുള്ള മീറ്റിംഗിൽ പരിശോധന നടത്തി പ്രവൃത്തി വേഗത്തിലാക്കാൻ സാധിക്കും. ടെൻഡർ നടപടികളിലേയ്ക്ക് എത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി. സി.-യുടെ സിവിൽ വിംഗ് അവസാനിപ്പിച്ചിരിക്കുകയാണ്. കാരണം നമുക്ക് ആവശ്യമില്ലാത്ത പണികളിലേക്ക് പോകണ്ടെന്ന് തീരുമാനിച്ചു. ഇവിടെ അങ്ങ് പറഞ്ഞതുപോലെ ബസുകളുടെ കാര്യത്തിൽ

നെടുങ്കണ്ടം ഫാസ്റ്റ് പാസഞ്ചർ ഉണ്ട്, കൂടാതെ ഡിപ്പോയിൽ നിലവിൽ 23 ഓർഡിനറി ബസുകൾ, 19 ഫാസ്റ്റ് പാസഞ്ചർ, 6 സൂപ്പർ ഫാസ്റ്റ്, 1 സൂപ്പർ ഡീലക്സ് എന്നിങ്ങനെ ആകെ 49 ബസുകളാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ബസുകൾക്കൊന്നും ഒരു ഷോർട്ടേജുമില്ല, രണ്ടുമാസത്തിനുള്ളിൽ 150-ഓളം ബസുകൾ ഷെഡിൽനിന്നും പുറത്തിറക്കിയിട്ടുണ്ട്. ആവശ്യത്തിന് ബസുകളുണ്ട്, പക്ഷേ നഷ്ടത്തിൽ സർവീസ് നടത്താൻ സാധിക്കില്ല. എന്റെ സ്വന്തം നിയോജകമണ്ഡലത്തിൽപ്പോലും നഷ്ടത്തിൽ സർവീസ് നടത്തുന്ന എല്ലാ ബസുകളും നിർത്തലാക്കിയിട്ടുണ്ട്. നഷ്ടത്തിൽ സർവീസ് നടത്തുന്നവയെല്ലാം ഞാൻ തന്നെ ഇടപെട്ടുകൊണ്ട് നിർത്തലാക്കി. കളക്ഷനിൽ 103 ശതമാനം വർദ്ധന എന്ന റെക്കോർഡ് നേട്ടമാണ് പത്തനാപുരം കെ.എസ്.ആർ.ടി.സി. ഡിപ്പോ കൈവരിച്ചിരിക്കുന്നത്. 4 ലക്ഷം രൂപ കളക്ഷനുണ്ടായിരുന്ന സർവീസിൽ ഇന്നലത്തെ കളക്ഷൻ 9 ലക്ഷം രൂപയ്ക്ക് മുകളിലാണ്. അവിടുത്തെ (District Transport Officer) D.T.O.-യെത്തന്നെയാണ് അങ്ങയുടെ മണ്ഡലമായ അടൂരിലേയ്ക്കും നിയമിച്ചിരിക്കുന്നത്. അങ്ങയുടെ ഡിപ്പോയിലും

അത്തരത്തിലുള്ള പരിഷ്കാരങ്ങൾ കൊണ്ടുവരും. അവിടെ നെടുങ്കണ്ടം ഫാസ്റ്റും 5.45-ന് കുമിളി ഫാസ്റ്റുമുണ്ട്. മുരിക്കാശ്ശേരി, കായംകുളം - കുമിളി, ആലപ്പുഴ -നെടുങ്കണ്ടം, പുന്നമന അങ്ങനെ ബഹുമാനപ്പെട്ട അംഗം പറഞ്ഞ സ്ഥലങ്ങളിലേക്കെല്ലാം ഫാസ്റ്റ് പാസഞ്ചർ സർവീസുണ്ട്. ഗുരുവായൂർക്കുള്ള സർവീസ് മാത്രമാണ് കോവിഡിനുശേഷം നിർത്തലാക്കിയത്. ഡീസലിനുള്ള വരുമാനം പോലും ലഭിക്കാത്തത്ര ദയനീയ സ്ഥിതിയായിരുന്നു. 5.30 നും 6.00 മണിക്കുമായി രണ്ട് സർവീസുകളുണ്ടായിരുന്നു. 6,900/- രൂപ മാത്രമാണ് പ്രതിദിനം ഒരു സർവ്വീസിന് വരുമാനമായി ലഭിച്ചിരുന്നത്. രണ്ടാമത്തെ സർവീസിന് അതിലും കുറവായിരുന്നു, 5,500/- രൂപ. ഇതുരണ്ടും കൂടിച്ചേരുമ്പോൾ ഏകദേശം 25/- രൂപ മാത്രമേ ഒരു കിലോമീറ്ററിന് ലഭിക്കുമായിരുന്നുള്ളൂ. അതുകൊണ്ടുതന്നെ കോവിഡിനുശേഷം തുടർന്നുകൊണ്ടുപോകാൻ സാധിക്കാത്തതിനാൽ നിർത്തലാക്കുകയാണ് ചെയ്തത്. നഷ്ടത്തിൽ സർവീസ് നടത്തുന്ന ബസുകൾ തുടർന്നുപോകുമ്പോൾ ഈ നഷ്ടം ആവർത്തിച്ചുകൊണ്ടേയിരിക്കും. ഇത് പൊതുമുതലാണ്. ഇടതുപക്ഷമുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ

ഏഴര വർഷമായി സർക്കാർ ഖജനാവിൽനിന്നുമാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം നൽകുന്നത്. ഒരു മാസം ശരാശരി 73.62 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടമുണ്ട്. അത് നികത്തിയെടുക്കേണ്ടതിനാൽ നഷ്ടത്തിലായ ഒരു സർവീസും മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കില്ല. ഓരോ രൂട്ടും പരീക്ഷിച്ചുനോക്കി. ഇപ്പോൾ കൊട്ടാരക്കരയിൽനിന്നും ഒരു CNG ബസ് തിരുവനന്തപുരത്തേയ്ക്ക് സർവ്വീസ് തുടങ്ങിയിട്ടുണ്ട്. ഒരു ദിവസം ആ ബസിന്റെ ലാഭം 5,000/- രൂപയ്ക്ക് മുകളിലാണ്. അത്തരത്തിലുള്ള സർവീസുകളെ പ്രോത്സാഹിപ്പിക്കുകയാണ്, കാരണം ആ ബസിൽ യാത്രക്കാരുണ്ട്, CNG ആയതുകൊണ്ട് ചെലവുകുറവുമുണ്ട്. ഇലക്ട്രിക് ബസുകൾ ശരാശരി 2,500/- രൂപയിൽ കൂടുതൽ കളക്ഷൻ നേടുന്നില്ല. തിരുവനന്തപുരത്ത് നിലവിൽ സർവീസ് നടത്തുന്ന ഇലക്ട്രിക് ബസുകളുടെ ശരാശരി കളക്ഷൻ 6,500/- രൂപയാണ്. ചില സർവീസുകൾ 16,000/- മുതൽ 18,000/- രൂപ വരെ കളക്ഷൻ നേടുന്നുണ്ട്. മുമ്പ് അത് 3,300/- രൂപയിൽ കൂടുതൽ കളക്റ്റ് ചെയ്തിട്ടില്ല. ഒരു സർവീസ് മാത്രമാണ് 3,800/- രൂപയ്ക്ക് മുകളിൽ കളക്ഷൻ നേടിയത്. ഇപ്പോൾ കെ.എസ്.ആർ.ടി.സി. സിറ്റി ബസുകളുടെ ശരാശരി കളക്ഷൻ 6,500/-

രൂപയ്ക്ക് മുകളിലാണ്. അതുകൊണ്ട് ഈ മാറ്റങ്ങൾക്ക് നിങ്ങൾ എല്ലാവരും സഹകരിക്കണം. എല്ലാം എം.എൽ.എ.-മാരും നൽകുന്ന പദ്ധതികളിൽ നിലവിൽ ഒരെണ്ണം പോലും പെൻഡിംഗില്ല. ഇപ്പോൾ കായംകുളം എം.എൽ.എ. ഒരു കെട്ടിടം പൊളിച്ചുനീക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതിന് അനുവാദം നൽകിയിട്ടുണ്ട്, ഉടൻ പൊളിച്ചുനീക്കുകയും ചെയ്യും. പുതിയ കെട്ടിടത്തിനുള്ള പ്ലാൻ അംഗീകരിച്ചുനൽകി. ഗുരുവായൂർ എം.എൽ.എ. നൽകിയ പ്ലാനും അംഗീകരിച്ചിട്ടുണ്ട്. ഒരു പൈസയും ഇനി കെട്ടിക്കിടക്കുകയില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ, പന്തളത്തെ ബസ് സ്റ്റാൻഡിനുള്ള സ്ഥലം ഇതുവരെ അനുവദിച്ചുനൽകിയില്ല.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, അത് തീർച്ചയായും നൽകാം. സി.എം.ഡി.-യെ വിളിച്ചാൽ മതിയാകും, അതിന് കാലതാമസമുണ്ടാകില്ല. കെ.എസ്.ആർ.ടി.സി.-യുടെ സിവിൽ വിംഗ് അവസാനിപ്പിച്ചു. പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് വിഭാഗത്തെക്കൊണ്ട് ചെയ്യിക്കാമെന്ന കാര്യം ബഹുമാനപ്പെട്ട

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രിയുമായി സംസാരിച്ചു, അദ്ദേഹം അത് സംബന്ധിച്ച് മറുപടി പറയും.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുമായി ഈ വിഷയം സംസാരിച്ചിരുന്നു. ഒരു സംയുക്ത യോഗം ഉടൻതന്നെ വിളിച്ചുചേർക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിൽ വളരെ പോസിറ്റീവായ തീരുമാനം കൈക്കൊള്ളാനാകുമെന്ന വിവരം സഭയെ അറിയിക്കുകയാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി പറഞ്ഞതുപോലെ എല്ലാ എം.എൽ.എ.-മാർക്കും പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താവുന്ന തരത്തിലുള്ള ഒരു സംവിധാനമുണ്ടാകും. മാത്രമല്ല, കേരളത്തിലെ ബസ് സ്റ്റേഷനുകളിലെ പ്രാഥമിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയാണ്. സ്ത്രീകൾക്കുവേണ്ടിയുള്ള എയർ കണ്ടീഷനിംഗ് വെയിറ്റിംഗ് റൂം, കെ.എസ്.ആർ.ടി.സി.-യുടെ പണമുപയോഗിക്കാതെ ഇരുപത് ബസ് സ്റ്റേഷനുകളിൽ ടോയ്‌ലറ്റുകൾ നവീകരിക്കുകയാണ്. ഇക്കാര്യത്തിൽ എല്ലാവരും സഹകരിക്കണം.

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ബസ് സർവീസുകളിൽ നഷ്ടത്തിലുള്ളവയൊഴികെ പുനരാരംഭിക്കാം. സബ്മിഷനിൽ സൂചിപ്പിച്ച വേളാങ്കണ്ണി സർവീസ് നിർത്തിയിട്ടില്ല, അന്തർ സംസ്ഥാനത്തെ ബസുകളുടെ പെർമിറ്റിന്റെ കാര്യം പരിശോധിച്ച് അറിയിക്കാം.

(7) നീറ്റ് പരീക്ഷാ നടത്തിപ്പിലെ ക്രമക്കേട്

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, രാജ്യത്തെ ഏറ്റവും വലിയ പ്രവേശന പരീക്ഷകളിലൊന്നായ നീറ്റ് യു.ജി. പരീക്ഷ ഇന്ന് സംശയത്തിന്റെ നിഴലിലാണ്. പരീക്ഷാ നടത്തിപ്പിന്റെ സുതാര്യതയെക്കുറിച്ച് നിരവധി ചോദ്യങ്ങളാണ് ഉയരുന്നത്. ഈ വർഷം 2333297 വിദ്യാർത്ഥികളാണ് പരീക്ഷയെഴുതിയത്. പരീക്ഷയെ സംബന്ധിച്ച് നിരവധി ആക്ഷേപങ്ങൾ ഉയർന്നുവന്നു. ആദ്യത്തെ സംശയമുണ്ടായത് ഈ പരീക്ഷയിൽ 67 പേർക്ക് ഒന്നാം റാങ്ക് ലഭിച്ചപ്പോഴാണ്. 67 വിദ്യാർത്ഥികൾക്കാണ് ഒന്നാം റാങ്ക് ലഭിച്ചത്. 2021-ൽ 3 പേർക്കാണ് 720-ൽ 720 മാർക്കും ലഭിച്ചത്. ഈ വർഷം ആ സ്ഥാനത്ത് 67 പേർക്ക് മുഴുവൻ മാർക്ക് ലഭിച്ചു. അതുമാത്രമല്ല, ഈ പരീക്ഷയിൽ പരീക്ഷയുടെ രീതി അനുസരിച്ച് 718, 719 എന്നിങ്ങനെയുള്ള

മാർക്കുകൾ ലഭിക്കുകയില്ല. ശരിയായ ഉത്തരത്തിന് 4 മാർക്ക്, തെറ്റായ ഉത്തരത്തിന് മൈനസ് 1 മാർക്ക് എന്നിങ്ങനെ വരുമ്പോൾ 718, 719 എന്നീ മാർക്കുകൾ ലഭിക്കുകയില്ല. ദേശീയ പരീക്ഷാ ഏജൻസി പറയുന്നത് ഫിസിക്സ് പരീക്ഷയുടെ ഒരു ചോദ്യവുമായി ബന്ധപ്പെട്ട് ഗ്രേസ് മാർക്ക് അനുവദിച്ച സാഹചര്യത്തിലാണ് ഇങ്ങനെ മാർക്ക് വന്നതെന്നാണ്. ഹരിയാനയിലെ ഒരു പരീക്ഷാകേന്ദ്രത്തിൽ ഒരു ക്രമത്തിൽ തുടങ്ങുന്ന രജിസ്റ്റർ നമ്പറിൽ പരീക്ഷയെഴുതിയ ആറ് വിദ്യാർഥികൾക്കാണ് ഫുൾ മാർക്ക് ലഭിച്ചത്. ഈ പരീക്ഷയെ സംബന്ധിച്ച് ഇത്തരത്തിലുള്ള നിരവധി സംശയങ്ങൾ ഉയരുന്നുണ്ട്. അതുമാത്രമല്ല, പരീക്ഷ തുടങ്ങി അരമണിക്കൂർ കഴിഞ്ഞപ്പോൾ ചോദ്യപ്പേപ്പറിന്റെ വീഡിയോ സമൂഹമാധ്യമങ്ങളിൽക്കൂടി പുറത്തുവന്നതായി വിദ്യാർഥികളും രക്ഷാകർത്താക്കളും ആക്ഷേപമുന്നയിക്കുന്നുണ്ട്. അതുമാത്രമല്ല, രാജ്യത്തെ പൊതുതെരഞ്ഞെടുപ്പിന്റെ ഫലം പ്രഖ്യാപിക്കുന്ന സമയത്തുതന്നെ ഈ പരീക്ഷാഫലവും പുറത്തുവിട്ടത് ഇതിന്റെ ക്രമക്കേടുകളെ സംബന്ധിച്ചുള്ള വാർത്താ പ്രാധാന്യം മറയ്ക്കാൻവേണ്ടി കരുതിക്കൂട്ടി ചെയ്തതാണെന്ന ആക്ഷേപവും വിദ്യാർഥികളും രക്ഷാകർത്താക്കളും ഇപ്പോൾ ഉയർത്തുന്നുണ്ട്.

ഇന്നലെ സുപ്രീംകോടതി ഈ കേസ് പരിഗണിക്കവെ പരീക്ഷയുടെ പവിത്രതയെ ബാധിച്ചുവെന്ന വളരെ ഗുരുതരമായ നിരീക്ഷണം ഈ പരീക്ഷയെ സംബന്ധിച്ച് നടത്തിയിട്ടുണ്ട്. പരീക്ഷയെ സംബന്ധിച്ച വിവിധ സംസ്ഥാനങ്ങളുടെ നിലപാടുകളും ഈ സമയത്ത് അറിയിച്ചുതുടങ്ങിയിട്ടുണ്ട്. തമിഴ്നാടും മഹാരാഷ്ട്രയും അവരുടെ നിലപാട് പറയുന്നുണ്ട്. രക്ഷാകർത്താക്കളുടെയും വിദ്യാർഥികളുടെയും ഇടയിൽനിന്ന് രണ്ടുതരത്തിലുള്ള ആവശ്യങ്ങൾ ഉയരുന്നുണ്ട്. ചോദ്യപ്പേപ്പർ ചോർന്നുവെന്ന ആക്ഷേപം ഉണ്ടായതുകൊണ്ട് ചില ആളുകൾ പുനഃപരീക്ഷ തന്നെ ആവശ്യപ്പെടുന്നുണ്ട്. ഇത് ഒരു വലിയ സമ്മർദ്ദമുള്ള ഒരു പരീക്ഷയാണ്. രണ്ടാമത് എഴുതുന്നതിന്റെ സമ്മർദ്ദം താങ്ങാൻ കഴിയാത്തതിനാൽ പുനർമൂല്യനിർണയം നടത്തിയാൽ മതിയെന്ന് ചില വിദ്യാർഥികൾ ആവശ്യപ്പെടുന്നുണ്ട്. ഗ്രേസ് മാർക്ക് നൽകി ഇത്രയുമധികം വിദ്യാർഥികളെ ഒന്നാം റാങ്കിലേയ്ക്കെത്തിക്കുകയും qualify ചെയ്യിക്കുകയും ചെയ്തതിനാലാണ് പുനർമൂല്യനിർണയം ആവശ്യപ്പെടുന്നത്. ഇതുസംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്രസർക്കാരിനെയും കേന്ദ്ര അന്വേഷണ ഏജൻസിയെയും നിലവിൽ കേസ് നടക്കുന്നതിനാൽ

ബഹുമാനപ്പെട്ട സുപ്രീം കോടതിയെയും അറിയിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ സഭയുടെ മുമ്പാകെ അഭ്യർത്ഥിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ വിഷയം സംബന്ധിച്ച് ശ്രീ. കെ. എം. സച്ചിൻദേവ് നോട്ടീസ് നൽകിയിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, നീറ്റ് പരീക്ഷ നടത്തുന്നത് കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ടെസ്റ്റിംഗ് ഏജൻസിയായതിനാൽ കേരള സർക്കാരിന് നീറ്റ് പരീക്ഷയിൽ നടന്നതായി പറയപ്പെടുന്ന വ്യാപക ക്രമക്കേടുകൾമൂലം വിദ്യാർത്ഥികൾക്കുള്ള ആശങ്കകൾക്ക് പരിഹാരം കാണുന്നതിലേക്കായി നേരിട്ട് നടപടിയൊന്നും സ്വീകരിക്കാൻ നിർവ്വാഹമില്ല. എന്നിരുന്നാലും വിഷയം ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ പരീക്ഷയെഴുതിയ വിദ്യാർഥികളുടെയും അവരുടെ രക്ഷാകർത്താക്കളുടെയും ആശങ്ക കണക്കിലെടുത്ത് അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കും വകുപ്പ് സെക്രട്ടറിക്കും ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്ന നിലയിൽ കത്തുകൾ നൽകിയിട്ടുണ്ട്. മെഡിക്കൽ പ്രവേശന പരീക്ഷയുടെ വിശ്വാസ്യത

ഉറപ്പുവരുത്തേണ്ടത് അത്യന്താപേക്ഷിതമായതുകൊണ്ട് ചില പ്രദേശങ്ങളിൽ ചോദ്യപേപ്പർ ചോർന്നതും പരീക്ഷയിൽ അന്യായമായ മാർഗ്ഗങ്ങൾ ഉപയോഗിച്ചതും ഗ്രേസ് മാർക്ക് നൽകി ചില പ്രദേശങ്ങളിൽ അസാധാരണമായ മാർക്ക് ലഭിക്കാൻ ഇടയാക്കിയതുമുൾപ്പെടെ പ്രവേശന പരീക്ഷയുടെ സാധുത തന്നെ ചോദ്യംചെയ്യപ്പെടുന്ന നടപടികൾ അന്വേഷിക്കുകയും ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. 2013 മുതലാണ് നാഷണൽ ടെസ്റ്റിംഗ് ഏജൻസി മെഡിക്കൽ പ്രവേശന പരീക്ഷ നടത്തിത്തുടങ്ങിയത്. 2016 മുതൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ മുഴുവൻ സീറ്റിലേയ്ക്കുമുള്ള പ്രവേശനം എൻ.ടി.എ. നടത്തുന്ന പ്രവേശന പരീക്ഷവഴി മാത്രമാക്കുകയും കേരളത്തിലെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസ് മെഡിക്കൽ സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റ് മാത്രം നടത്തുന്ന രീതി നിലവിൽ വരികയും ചെയ്തു. അതുവരെ കേരളത്തിലെ മെഡിക്കൽ പ്രവേശന പരീക്ഷ കേരള പ്രവേശന കമ്മീഷണർ മുഖേന കുറ്റമറ്റ രീതിയിൽ നടത്തി വന്നിരുന്നതാണ്. ഈ അക്കാദമിക് വർഷം കേരളത്തിലെ എഞ്ചിനീയറിംഗ്, ഫാർമസി കോഴ്സുകളിലേക്ക് സംസ്ഥാനത്ത്

ആദ്യമായി കമ്പ്യൂട്ടർ അധിഷ്ഠിതമായി 79044 പേർ എഴുതിയ പ്രവേശന പരീക്ഷ പരാതികളില്ലാതെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ നേതൃത്വത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നകാര്യം കൂടി ഈ അവസരത്തിൽ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(8) തൃശ്ശൂർ-കുറ്റിപ്പുറം, തൃശ്ശൂർ-കൊടുങ്ങല്ലൂർ റോഡുകളുടെ നവീകരണം

ശ്രീ. എ. സി. മൊയ്തീൻ: സർ, റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെട്ട തൃശ്ശൂർ ജില്ലയിലെ രണ്ട് സ്റ്റേറ്റ് ഹൈവേകളുടെ നിർമ്മാണത്തിലുണ്ടായ തടസ്സം പരിഹരിക്കണമെന്ന് ആവശ്യപ്പെടുന്നതാണ് ഈ സബ്മിഷൻ. തൃശ്ശൂർ-കുറ്റിപ്പുറം സ്റ്റേറ്റ് ഹൈവേയിൽ ജില്ലാതിർത്തിയായ കല്ലുംപുറം വരെയുള്ള 32 കിലോമീറ്റർ റോഡ് തൃശ്ശൂർ, വടക്കാഞ്ചേരി, മണലൂർ, കുന്നംകുളം നിയോജകമണ്ഡലങ്ങളിലൂടെയാണ് കടന്നുപോകുന്നത്. 2021-ൽ ഇതിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചതാണ്. പക്ഷേ, ടെൻഡർ കാലാവധി കഴിഞ്ഞിട്ടും നിർമ്മാണപ്രവൃത്തിയുടെ 20 ശതമാനം മാത്രമാണ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇപ്പോൾ കരാറുകാരനെ നീക്കം ചെയ്യുകയും ചെയ്തു. ടെൻഡർ നടപടികളുടെ ഭാഗമായി പണി

പൂർത്തീകരിക്കാതെ കിടക്കുന്ന ഈ റോഡിൽ നിരവധി പ്രദേശങ്ങൾ കുണ്ടും കുഴിയുമായി കിടക്കുകയാണ്. പ്രത്യേകിച്ച് മഴുവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള പ്രദേശങ്ങളും പുഴയ്ക്കൽ പ്രദേശവും അപകടകരമായ അവസ്ഥയിലാണ്. ഈ പ്രശ്നത്തിന് അടിയന്തരമായി പരിഹാരം കാണണം. കരാറുകാരനില്ലാത്ത സാഹചര്യത്തിൽ ഈ പ്രദേശങ്ങളിലെ ഗതാഗതക്കുരുക്കും അപകടവും ഒഴിവാക്കാനായി റോഡ് റിപ്പയറിംഗിനുള്ള അടിയന്തരനടപടികൾ സ്വീകരിക്കണം. കൂടാതെ കുർക്കഞ്ചേരി-കൊടുങ്ങല്ലൂർ സ്റ്റേറ്റ് ഹൈവേ റോഡിലെ പ്രവൃത്തികളും ഇഴഞ്ഞുനീങ്ങുകയാണ്. അവിടെ കരാറുകാരനെ ഉപേക്ഷിച്ചിട്ടില്ല. തൃശ്ശൂർ-ഒല്ലൂർ-നാട്ടിക-ഇരിഞ്ഞാലക്കുട-കൊടുങ്ങല്ലൂർ നിയോജകമണ്ഡലങ്ങളിലൂടെയാണ് ഈ ഹൈവേ കടന്നുപോകുന്നത്. കുർക്കഞ്ചേരി-കൊടുങ്ങല്ലൂർ സ്റ്റേറ്റ് ഹൈവേ 250.24 കോടി രൂപയുടെയും തൃശ്ശൂർ-കുറ്റിപ്പുറം സ്റ്റേറ്റ് ഹൈവേ 316 കോടി രൂപയുടെയും പ്രവൃത്തിയാണ്. ഈ പ്രദേശങ്ങളിലും ഗതാഗതക്കുരുക്കും സ്ഥിരം സംഘർഷങ്ങളും വാഹനമോടിക്കുന്നവരുടെ പ്രശ്നങ്ങളുമെല്ലാം വലിയതോതിലാണ് ഉയർന്നുവരുന്നത്. കരാറുകാരന്റെ അനാസ്ഥയാണ് ഇതിൽ ഏറ്റവും

പ്രധാനപ്പെട്ട കാരണം. കെ.എസ്.ടി.പി. (കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്) ആണ് ഇതിന്റെ വർക്ക് പി.ഡബ്ല്യൂ.ഡി.-ക്കുവേണ്ടി നിർവ്വഹിക്കുന്നത്. സമയബന്ധിതമായി കാര്യങ്ങൾ നിർവ്വഹിക്കാൻ കരാറുകാർ കാണിക്കുന്ന ഈ അനാസ്ഥ വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. നിരവധി പ്രദേശങ്ങളിൽ സമരം നടക്കുകയാണ്. ഒൻപത് നിയോജകമണ്ഡലങ്ങളിലെ പ്രശ്നമായി ഇത് മാറിയിരിക്കുകയാണ്. അടിയന്തരമായി ഈ പ്രശ്നത്തിൽ ഇടപെട്ട് പരിഹാരം കാണണമെന്നും ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിധ്യത്തിൽത്തന്നെ ഒരു പ്രത്യേക യോഗം വിളിച്ചുചേർത്ത് നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

തൃശ്ശൂർ-കുറ്റിപ്പുറം റോഡിന്റെ പ്രശ്നത്തിൽ കരാറുകാരനെ ഒഴിവാക്കി വീണ്ടും ടെൻഡർ നടപടിയിലേയ്ക്ക് പോകാൻ അഞ്ചാറ് മാസം വേണ്ടിവരും എന്നാണ് മനസ്സിലാക്കുന്നത്. ഈ വർഷകാലത്ത് കോഴിക്കോട് സ്റ്റേറ്റ് ഹൈവേയിലുള്ള ഗതാഗതപ്രശ്നം വളരെ ഗുരുതരമായ സ്ഥിതിയിലേയ്ക്കെത്തും. അക്കാര്യത്തിൽ അടിയന്തര നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി 33.23 കിലോമീറ്റർ ദൈർഘ്യമുള്ള തൃശ്ശൂർ-കുറ്റിപ്പുറം സ്റ്റേറ്റ് ഹൈവേ വികസിപ്പിക്കുന്നതിന് 316,82,00000 രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ കരാർ ഏറ്റെടുത്ത കമ്പനിക്ക് 09-09-2021-ന് പ്രവൃത്തി സൈറ്റ് കൈമാറി. എന്നാൽ പദ്ധതി പൂർത്തീകരിക്കാനോ വർക്ക് ഷെഡ്യൂൾ അനുസരിച്ച് പുരോഗതി ഉണ്ടാക്കാനോ കരാറുകാർക്ക് സാധിച്ചില്ല. നിരവധി തവണ ഇതുമായി ബന്ധപ്പെട്ട യോഗങ്ങൾ നടത്തി. 21 ശതമാനം പ്രവൃത്തി മാത്രമാണ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളത്. അവലോകന യോഗങ്ങൾ നടത്തിയെങ്കിലും പദ്ധതിക്ക് വേഗത നൽകാൻ കരാറുകാർ തയ്യാറായില്ല. ഒടുവിൽ 11-01-2024-ൽ പി.ഡബ്ല്യൂ.ഡി. സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ 2024 ജനവരി 31-നകം പദ്ധതിയിൽ കാര്യമായ പുരോഗതി ഉണ്ടാകുന്നില്ലെങ്കിൽ കരാറുകാരെ ടെർമിനേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചു. ഇതിന്റെ തുടർച്ചയായി പദ്ധതിയിൽനിന്നും കരാറുകാരെ ടെർമിനേറ്റ് ചെയ്യുകയാണ് ചെയ്തത്. പ്രവൃത്തി

പുരോഗമിക്കുന്നതിന്റെ ഭാഗമായി പദ്ധതിയുടെ ബാലൻസ് പ്രവൃത്തികളുടെ വാല്യുവേഷൻ പുരോഗമിക്കുകയാണ്. പദ്ധതി റീ-ടെൻഡർ ചെയ്യുന്നതിന് കൺസൾട്ടന്റ് സമർപ്പിച്ച പുതുക്കിയ ഡി.പി.ആർ.-ന്റെ ഗ്രൗണ്ട് ട്രൂത്തിംഗ് നടന്നുവരുന്നു. ഗ്രൗണ്ട് ട്രൂത്തിംഗ് പൂർത്തിയാക്കിയശേഷം അന്തിമ ഡി.പി.ആർ. R.K.I., KFW എന്നിവ അംഗീകരിക്കണം. തുടർന്ന് പദ്ധതി റീ-ടെൻഡർ ചെയ്യാനാകും. പദ്ധതി റീ-ടെൻഡർ ചെയ്ത് പുതിയൊരു കരാറുകാരന് സൈറ്റ് കൈമാറുന്ന ഈ കാലയളവിൽ റോഡ് ഗതാഗതയോഗ്യമായി നിലനിർത്തണമെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 29 ലക്ഷം രൂപയുടെ പ്രീ-മൺസൂൺ പ്രവൃത്തികൾക്ക് 31-05-2024-ന് ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. ഇക്കഴിഞ്ഞ ജൂൺ 6-ാം തീയതി നിർമ്മാണപ്രവൃത്തികൾക്കായി ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ടെൻഡർ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 13-06-2024 ആണ്. 15-06-2024-നാണ് ടെൻഡർ തുറക്കേണ്ട ദിവസം. ടെൻഡർ നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രവൃത്തി വേഗത്തിൽ നടത്താനുള്ള ഇടപെടലുകൾ ഉണ്ടാകുമെന്ന് ഈ സഭയെ അറിയിക്കാനാഗ്രഹിക്കുകയാണ്.

കൊടുങ്ങല്ലൂർ മുതൽ കുർക്കഞ്ചേരി വരെയുള്ള 34.5 കിലോമീറ്റർ റോഡ് നവീകരിക്കുന്നതാണ് കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ റോഡിലെ പദ്ധതി. പ്രവൃത്തി ആരംഭിച്ചെങ്കിലും 13.5 കിലോമീറ്റർ പി.ക്യൂ.സി. (പേവ്മെന്റ് ക്വാളിറ്റി കോൺക്രീറ്റ്) ആണ് ഇതുവരെ നിർമ്മിക്കാൻ കഴിഞ്ഞത്. തിരക്കേറിയ പാതയിൽ പൂർണ്ണ ഗതാഗത നിയന്ത്രണം ആവശ്യമായി വരുന്നെങ്കിലും സമയബന്ധിതമായി അത് ലഭ്യമാകാത്ത സാഹചര്യമുണ്ടായി എന്ന് കെ.എസ്.ടി.പി. റിപ്പോർട്ട് ചെയ്തിരുന്നു. നിലവിൽ പാലയ്ക്കൽ സെന്ററിൽ 250 മീറ്റർ നീളത്തിൽ പി.ക്യൂ.സി. നിർമ്മാണപ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. റോഡിലെ കുഴികൾ അടയ്ക്കുന്ന പ്രവൃത്തി നടത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ രണ്ട് റോഡുകളുടെയും വിഷയങ്ങൾ ചർച്ച ചെയ്യാൻ ഇതിനകം നിരവധി യോഗങ്ങൾ ചേർന്നിരുന്നു. എന്നാൽ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഒരു പ്രത്യേക യോഗം വിളിച്ചുചേർക്കാമെന്ന് സഭയെ ഞാൻ അറിയിക്കുകയാണ്.

(9) <u>വർക്കല ഇടവ, പുന്നമൂട് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം</u>

<u>ശ്രീ. വി. ജോയി</u>: സർ, വർക്കല നിയമസഭാമണ്ഡലത്തെ ഏതാണ്ട് രണ്ടായി മുറിച്ചുകൊണ്ടാണ് റെയിൽവേ ലൈൻ കടന്നുപോകുന്നത്. നിരവധി

റെയിൽവേ ഗേറ്റുകളുള്ള ഒരു നിയമസഭാമണ്ഡലമാണ് വർക്കല. വർക്കലയിൽനിന്ന് പാരിപ്പള്ളിയിലേയ്ക്കും പരവൂരിലേയ്ക്കും പോകണമെങ്കിൽ രണ്ട് റെയിൽവേ ക്രോസ്സുകൾ കടക്കണം. ഇതിന് പരിഹാരം കാണുന്നതിനാണ് ഇടവ, പുന്നമൂട് റെയിൽവേ മേൽപ്പാലങ്ങൾക്കുള്ള ശ്രമം ആരംഭിച്ചത്. 2017-ൽ ഇടവ റെയിൽവേ മേൽപ്പാലത്തിന് കിഫ്ബി വഴി ഭരണാനുമതി ലഭിച്ചു. 2019-ൽ സ്ഥലമേറ്റെടുക്കാൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചു. ആകെ 69 പേരുടെ വസ്തുക്കളാണ് ഇതിനായി ഏറ്റെടുക്കേണ്ടിവന്നത്. അതിൽ 12 പേർ ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന് കേസ് നടക്കുകയും ഒടുവിൽ കളക്ടർ ഈ വിഷയം പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കാൻ കോടതി നിർദ്ദേശിക്കുകയും ചെയ്തു. കളക്ടറുടെ തീരുമാനത്തിനെതിരെ വീണ്ടും ആറ് പേർ ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. 2021-ൽ റെയിൽവേ ഡി.പി.ആർ. അംഗീകരിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. ആർ.ബി.ഡി.സി.കെ. (റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള) ആണ് ഇതിന്റെ നിർവ്വഹണ ഏജൻസി. 2017-ൽ തുടങ്ങിയ ഒരു പദ്ധതി ഇത്രയും

നാളായി പൂർത്തിയാക്കാൻ കഴിയുന്നില്ല. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത് സാധ്യമെങ്കിൽ എ.ജി. അല്ലെങ്കിൽ ഗവൺമെന്റ് പ്ലീഡർമാരുമായി ബന്ധപ്പെട്ട് ഒരു യോഗം വിളിച്ചുചേർത്ത് അടിയന്തരമായി വർക്ക് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കണം. പുന്നമൂട് റെയിൽവേ മേൽപ്പാലത്തിന്റെയും സ്ഥിതി ഇതുതന്നെയാണ്. അവിടെ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടക്കുകയാണ്. വർക്കലയുടെ പൊതുവായ വികസനത്തിന് ഈ രണ്ട് മേൽപ്പാലങ്ങൾ അടിയന്തരമായി ആരംഭിക്കേണ്ടതുണ്ട്. പണവും മറ്റ് സംവിധാനങ്ങളുമുണ്ട്. അതുകൊണ്ട് ഈ മേൽപ്പാലങ്ങളുടെ വിഷയത്തിൽ പരിഹാരം കാണുന്നതിന് അടിയന്തര ശ്രദ്ധ പതിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വർക്കല നിയോജകമണ്ഡലത്തിലെ ഇടവ, പുന്നമൂട് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണപ്രവൃത്തി സംബന്ധിച്ചാണ് സബ്മിഷൻ ഉന്നയിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ 'ലെവൽ ക്രോസ് ഇല്ലാത്ത

കേരളം' പദ്ധതിയിലുൾപ്പെടുത്തിയാണ് ഈ രണ്ട് റെയിൽവേ മേൽപ്പാലങ്ങളും നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. ഈ പദ്ധതി മുഖേന കാഞ്ഞങ്ങാട്, ഫറോക്ക്, ഗുരുവായൂർ, കാരിത്താസ്, തിരൂർ എന്നീ 5 റെയിൽവേ മേൽപ്പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചുവെന്ന് ഈ സഭയെ അറിയിക്കുകയാണ്. ഇതിൽ ഗുരുവായൂർ റെയിൽവേ മേൽപ്പാലം സ്റ്റീൽ കോമ്പോസിറ്റ് സ്ട്രക്ച്ചർ മാതൃകയാണ്. 9 പ്രവൃത്തികൾ പുരോഗമിക്കുകയാണ്. ഇടവ റെയിൽവേ മേൽപ്പാലത്തിന് കിഫ്ബി മുഖാന്തിരം 35,69,00000 രൂപയുടെ ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ നിർവ്വഹണ ഏജൻസിയായി നിശ്ചയിക്കുകയും ചെയ്തു. പദ്ധതിക്കായി 70.55 ആർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. ഇതിൽ 51 പേരുടെ ഭൂമി ഏറ്റെടുത്തിട്ടുള്ളതും മുഴുവൻ പേരുടെയും അവാർഡ് പാസ്സാക്കിയിട്ടുള്ളതുമാണ്. എന്നാൽ പദ്ധതിക്കെതിരെ സ്ഥലം ഉടമകളായ 12 പേർ കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. 12-02-2024-ൽ ഹൈക്കോടതി പ്രസ്തുത കേസിൽ തിരുവനന്തപുരം ജില്ലാ കളക്ടറോട് പരാതിക്കാരെ നേരിട്ട് കേട്ടതിനുശേഷം തീരുമാനമെടുക്കുന്നതിന് ഉത്തരവ് നൽകി. 13-05-2024-ന് ജില്ലാ കളക്ടർ

പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം നിലവിലുള്ള ലാൻഡ് അക്വസിഷൻ നടപടികളുമായി മുന്നോട്ടുപോകാൻ അനുമതി നൽകുകയാണ് ചെയ്തത്. എന്നാൽ ഇതിനെതിരെ ആറ് പേർ വീണ്ടും ഹൈക്കോടതിയെ സമീപിക്കുകയും ഹൈക്കോടതി കളക്ടറുടെ ഉത്തരവ് ഒരു മാസത്തേയ്ക്ക് സ്റ്റേ ചെയ്യുകയും ചെയ്തു. പ്രസ്തുത കേസിനെതിരെ ആർ.ബി.ഡി.സി.കെ.-ക്ക് 04-06-2024-ൽ സത്യവാങ്മൂലം ഫയൽ ചെയ്യുകയും എത്രയും പെട്ടെന്ന് കേസിൽ അനുകൂല ഉത്തരവ് നേടിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സ്റ്റാൻഡിംഗ് കൗൺസിലിനോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പുന്നമൂട് റെയിൽവേ മേൽപ്പാലവും കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ആർ.ബി.ഡി.സി.കെ. ആണ് നിർമ്മിക്കുന്നത്. 36,88,00000 രൂപയുടെ പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിന് 10-01-2023-ൽ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇതേത്തുടർന്ന് 4(1) വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതിന്റെ സാമൂഹിക ആഘാത-പ്രത്യാഘാത പഠനം പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് ജില്ലാ കളക്ടർ

സമർപ്പിച്ചിട്ടുള്ളതാണ്. ഈ റിപ്പോർട്ട് അംഗീകരിച്ചാൽ തുടർനടപടികൾ സ്വീകരിക്കാനാകും.

നമ്മുടെ രാജ്യത്തെ മറ്റേതൊരു സംസ്ഥാനത്തിനും മാതൃകയാക്കാവുന്ന നിലയിലുള്ള പദ്ധതിയാണ് 'ലെവൽ ക്രോസ്സില്ലാത്ത കേരളം' പദ്ധതി. അതിന്റെ ഭാഗമായി നിരവധി പ്രവൃത്തികൾ ഒരുമിച്ച് നടന്നുവരുന്നു. നാല് പ്രവൃത്തികൾ ടെൻഡർ സ്റ്റേജിലെത്തി. മൂന്ന് പ്രവൃത്തികൾ ജനറൽ എഗ്രിമെന്റ് ഡ്രോയിംഗ്സ് (ജി.എ.ഡി.) അംഗീകാരത്തിന് നൽകി. ഇവിടങ്ങളിൽ ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിച്ചു. 22 പദ്ധതികൾ ഭൂമി ഏറ്റെടുക്കലിന്റെ വിവിധ ഘട്ടത്തിലാണ്. ജി.എ.ഡി. അംഗീകാരം ലഭിക്കാൻ ആകെ 14 പദ്ധതികളാണുള്ളത്. ആറെണ്ണം ജി.എ.ഡി. തയ്യാറാക്കുന്നു. ആറെണ്ണം അലൈൻമെന്റ് നിശ്ചയിക്കാനുണ്ട്. നാലെണ്ണം റെയിൽവേയുടെ മൂന്നാം ലൈനുമായി ബന്ധപ്പെട്ട് അംഗീകാരം ലഭിക്കാത്തതിന്റെ പ്രശ്നമാണ്. നമ്മുടെയെല്ലാം സ്വപ്നപദ്ധതിയായ 'ലെവൽ ക്രോസ്സില്ലാത്ത കേരളം' പദ്ധതി ഒരു കാലത്തുമില്ലാത്ത വേഗതയിൽ നിരവധി പ്രവൃത്തികൾ ഒരുമിച്ച് മുന്നോട്ടു കൊണ്ടുപോകുകയാണ്. ഇതിനോട് സഹകരിച്ച എല്ലാ നിയമസഭാ

സാമാജികരെയും പ്രത്യേകം അഭിനന്ദിക്കാൻ ഈ വേള ഞാൻ ഉപയോഗപ്പെടുത്തുന്നു.

## (10) കാരേറ്റ്-പാലോട് റോഡ് നിർമ്മാണം

ശ്രീ. ഡി. കെ. മുരളി: സർ, എം.സി. റോഡിനെയും തിരുവനന്തപുരം ചെങ്കോട്ട റോഡിനെയും ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട റോഡാണ് വാമനപുരം നിയോജകമണ്ഡലത്തിലെ 21 കി.മീ. ദൂരമുള്ള വാമനപുരം-ചിറ്റാർ റോഡ് എന്ന് റിക്കോർഡിലുള്ള കാരേറ്റ്-പാലോട് റോഡ്. 2017-ൽ 31.7 കോടി രൂപയുടെ കിഫ്ബി പദ്ധതിപ്രകാരം അനുമതി ലഭിക്കുകയും 24.83 കോടി രൂപയ്ക്ക് 2018-ൽ തോപ്പിൽ കൺസ്ട്രക്ഷൻസ് രണ്ട് വർഷ പൂർത്തീകരണ കാലാവധിയിൽ കരാർ എടുത്തെങ്കിലും നാല് വർഷമായിട്ടും പൂർത്തിയാകാത്തതിനാൽ രണ്ടാം പിണറായി ഗവൺമെന്റ് വന്നതിനുശേഷം 2022-ൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്തു. തുടർന്ന്, നാല് പ്രാവശ്യം റീ-ടെണ്ടർ ചെയ്തു. അവസാനത്തെ പ്രാവശ്യം 36 ശതമാനം വർദ്ധനയിൽ ഒരാൾ ടെണ്ടറിൽ പങ്കെടുത്തെങ്കിലും അംഗീകാരം ലഭിക്കാനുള്ള കാലതാമസംമൂലം ആ കരാറും റദ്ദാക്കപ്പെടുകയാണുണ്ടായത്. രണ്ടാം പിണറായി ഗവൺമെന്റ് വന്നശേഷം വകുപ്പുമന്ത്രിയെന്ന നിലയിൽ

അങ്ങ് നടത്തിയ ഇടപെടലുകളെ ഞാൻ അഭിനന്ദിക്കുകയാണ്. എന്നാൽ ഇപ്പോൾ കാലവർഷം കൂടി വന്നപ്പോൾ റോഡിൽ അഗാധ ഗർത്തങ്ങളാണ്. വിഴിഞ്ഞം പോർട്ടിലേയ്ക്ക് കരിങ്കല്ല് കൊണ്ടുപോകുന്ന വലിയ ലോറികളും ഈ റോഡിലൂടെ പോകുന്നുണ്ട്. സ്ഥിരമായി ഗതാഗതമുള്ള ഈ റോഡിൽ വലിയ അപകടങ്ങളുണ്ടാകുന്നത് പ്രതിഷേധങ്ങൾക്കിടയാക്കുന്നുണ്ട്. അതുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ റോഡിന്റെ പ്രവൃത്തി പൂർത്തീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, എം.സി. റോഡിനെയും തിരുവനന്തപുരം ചെങ്കോട്ട റോഡിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന വാമനപുരം നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട റോഡാണ് വാമനപുരം-ചിറ്റാർ റോഡ് (വി.സി. റോഡ്). കാരേറ്റ് മുതൽ പാലോട് വരെ 21 കി.മീ. ദൂരമുള്ള ഈ റോഡിലെ പതിനഞ്ചര കിലോ മീറ്റർ ഭാഗം ആധുനിക നിലവാരത്തിൽ നിർമ്മിക്കുന്നതിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 31. 70 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. ഇവിടെ സൂചിപ്പിച്ചതുപോലെ കരാറുകാരൻ നിർമ്മാണം ആരംഭിച്ചെങ്കിലും

പ്രവൃത്തി പൂർത്തിയാകാത്ത സാഹചര്യത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം നടത്തിയ പ്രവൃത്തി അവലോകന യോഗത്തിൽ പദ്ധതി പ്രത്യേകമായി പരിശോധിക്കുകയും പ്രതീക്ഷിച്ച പുരോഗതിയില്ലാത്തതിനെ തുടർന്ന് ഫെബ്രുവരി 18, 2022-ൽ കരാറുകാരനെ നഷ്ട ഉത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്യുകയും ചെയ്തു. തുടർന്ന് ബാലൻസ് പ്രവൃത്തി ടെണ്ടർ ചെയ്തുവെങ്കിലും നാലാമത്തെ ടെണ്ടറിലാണ് ഒരു ബിഡ് ലഭിച്ചത്. എന്നാൽ അത് അംഗീകരിച്ചില്ല. തുടർന്ന് പ്രവൃത്തി തുടരാനുള്ള സാധ്യതകൾ KRFB-PMU തലത്തിൽ ചർച്ച ചെയ്തു. 28-12-2023-ന് KRFB പ്രോജക്ട് ഡയറക്ടർ പ്രസ്തുത വിഷയത്തിൽ വിളിച്ചു ചേർത്ത മീറ്റിംഗിൽ ടെർമിനേറ്റ് ചെയ്യപ്പെട്ട കോൺട്രാക്ടർ PWD മാന്വൽ അനുശാസിക്കുന്ന ബാലൻസ് പ്രവൃത്തിയുടെ 30 ശതമാനം തുക കെട്ടിവച്ചുകൊണ്ട് പ്രവൃത്തി പുനരാരംഭിക്കാൻ തയ്യാറാണെന്ന് അറിയിച്ചു. തുടർന്ന് കോൺട്രാക്ടറുടെ ടെർമിനേഷൻ പിൻവലിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിനായി പ്രോജക്ട് ഡയറക്ടർ നൽകിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. അതിനിടയിൽ റോഡിന്റെ ഇവിടെ സൂചിപ്പിച്ച

ചെയിനേജിൽ കിഫ്ബി മുഖാന്തരം നടപ്പാക്കുന്ന കുടിവെള്ള പദ്ധതിക്ക് പൈപ്പിടാൻ അനുമതി നൽകിയിരുന്നു. ഇതിന്റെ റീസ്റ്റോറേഷൻ പ്രവൃത്തിക്കുള്ള തുക കൂടി കിഫ്ബിയിൽനിന്നും അനുവദിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ റോഡ് പ്രവൃത്തി പുനരാരംഭിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ഇവിടെ അംഗം സൂചിപ്പിച്ചതിന്റെ ഭാഗമായി ഒരു പ്രത്യേക യോഗം വിളിച്ച് ചേർക്കാൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുമെന്ന് ഈ സഭയെ ഞാൻ അറിയിക്കുകയാണ്.

## (11) ദേശീയപാത 66-ന്റെ നിർമ്മാണ പ്രവർത്തനങ്ങളിലെ അപാകത

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ദേശീയപാത 66-ന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് യാത്രക്കാരും ജനങ്ങളും അനുഭവിക്കുന്ന ദുരിതങ്ങളും പ്രയാസങ്ങളുമാണ് ഞാൻ ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. നിർമ്മാണം ആരംഭിച്ചിട്ട് ഏകദേശം രണ്ടര വർഷമായെങ്കിലും ഒച്ചിന്റെ വേഗതയിലാണ് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ ഇടിമുഴിക്കൽ, കാക്കഞ്ചേരി, യൂണിവേഴ്സിറ്റി, കോഹിനൂർ, താഴെചേളാരി, പടിക്കൽ, തലപ്പാറ

തുടങ്ങിയ സ്ഥലങ്ങളിൽ മണിക്കൂറുകൾ നീളുന്ന ഗതാഗതക്കുരുക്കാണുള്ളത്. ഹൈവേയിലെ മണിക്കൂറുകൾ നീളുന്ന ട്രാഫിക് കുരുക്കുമൂലം പരിപാടികളിലും മറ്റും പങ്കെടുക്കേണ്ട ആളുകൾ മണിക്കൂറുകൾ വൈകിയാണ് പരിപാടികളിൽ എത്തിച്ചേരുന്നത്. പലർക്കും എത്തിപ്പെടാനും സാധിക്കുന്നില്ല. കോഴിക്കോട് സർവ്വകലാശാല, കോഴിക്കോട് വിമാനത്താവളം, കാക്കഞ്ചേരിയിലെ കിൻഫ്ര എന്നിവിടങ്ങളിലേയ്ക്ക് പല ആവശ്യങ്ങൾക്കായി വരുന്നവർ വലിയ തോതിലുള്ള പ്രയാസങ്ങളാണ് അനുഭവിക്കുന്നത്. അതുപോലെ അശാസ്ത്രീയമായ ഡ്രെയിനേജ് നിർമ്മാണം കാരണം റോഡിന്റെ ഇരു ഭാഗങ്ങളിലുമുള്ള വീടുകളിലേയ്ക്ക് മലവെള്ള പാച്ചിൽപോലെയാണ് വെള്ളം ഒഴുകിയെത്തുന്നത്. ഈ അടുത്ത ദിവസം ചേലമ്പ്ര പഞ്ചായത്തിൽ രണ്ടുപേർ ഈ വെള്ളത്തിന്റെ ഒഴുക്കിൽപ്പെട്ട് മരണപ്പെടുകയാണുണ്ടായി. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, കച്ചവട സ്ഥാപനങ്ങൾ തുടങ്ങിയവയിലേയ്ക്കും വെള്ളം കയറുന്നുണ്ട്. ഈ റോഡിനുവേണ്ടി സ്ഥലം കൊടുത്ത റോഡിനിരുവശത്തുമുള്ള ആളുകൾക്ക് അവിടെ താമസിക്കാൻ സാധിക്കാത്ത സാഹചര്യമാണ്. അതുപോലെ തന്നെ ഇടിമുഴിക്കൽ, പൈങ്ങോട്ടൂർ, കാക്കഞ്ചേരി, പാണമ്പ്ര,

ചേളാരി, പാലക്കൽ തുടങ്ങിയ സ്ഥലങ്ങളിലും അശാസ്ത്രീയമായ ഡ്രെയിനേജ് നിർമ്മാണം കാരണം കച്ചവടസ്ഥാപനങ്ങളിലേയ്ക്കോ ആരാധനാലയങ്ങളിലേയ്ക്കോ വിദ്യാലയങ്ങളിലേയ്ക്കോ പോകാൻ സാധിക്കുന്നില്ല. റോഡുപണി നടക്കുന്ന സ്ഥലങ്ങളിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതുമൂലം രണ്ട് പേർ മരണമടയുകയും നിരവധി പേർ അപകടത്തിൽപ്പെടുകയും ചെയ്തിട്ടുണ്ട്. അനുവദനീയമല്ലാത്ത സ്ഥലങ്ങളിലെ മണ്ണെടുപ്പുമൂലം വലിയ കുഴികൾ രൂപപ്പെടുന്നത് അപകടം വർദ്ധിപ്പിക്കുകയാണ്. കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽപ്പെട്ട കുറ്റിപ്പുറത്ത് ജെർക്കിംഗ് കാരണം ആറ് വീടുകളിലുള്ളവരെ മാറ്റി പാർപ്പിച്ചിരിക്കുകയാണ്. രണ്ടത്താണിയിൽ രണ്ടര കിലോമീറ്റർ സഞ്ചരിച്ചുവേണം കച്ചവട സ്ഥാപനങ്ങളിലും ആരാധനാലയങ്ങളിലേയ്ക്കുമെത്താൻ. അതുകൊണ്ട് മേൽപ്പറഞ്ഞ വിഷയങ്ങളിൽ ഇടപെട്ട് അടിയന്തരമായി പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇതിൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച രണ്ട് വിഷയങ്ങളുണ്ട്. ഒന്ന്, ദേശീയപാത 66-ന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ജനങ്ങൾ

അനുഭവിക്കുന്ന പ്രശ്നങ്ങൾ. അതൊരു വസ്തുതയാണ്. അത് പരിഹരിക്കാൻ ഇടപെടുന്നുണ്ട്. എന്നാൽ ഇതിന്റെ പ്രവൃത്തി ഒച്ചിന്റെ വേഗത്തിലാണെന്നുള്ള പരാമർശം അത്രത്തോളം വസ്തുതാപരമല്ല. മഴക്കാലമെത്തുമ്പോൾ പ്രവൃത്തികൾ പുരോഗമിക്കുന്ന ചിലയിടങ്ങളിൽ ജനങ്ങൾക്ക് ചില ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. കഴിഞ്ഞ മഴക്കാലത്തും ചില ബുദ്ധിമുട്ടുകളുണ്ടായിരുന്നു. അവയ്ക്ക് പരിഹാരം കാണാനായി അന്ന് ദേശീയപാത അതോറിറ്റിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി ആവശ്യമായ ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തി. കഴിഞ്ഞ തവണത്തെ അത്രത്തോളമില്ലെങ്കിലും ഇത്തവണയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെ വളരെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. മഴ പെയ്യുന്ന സമയത്തെ വെള്ളക്കെട്ട്, ചെളി, ചിലയിടങ്ങളിൽ വീടുകളിൽനിന്നും കടകളിൽനിന്നും ഇറങ്ങാനുള്ള ബുദ്ധിമുട്ട് തുടങ്ങിയവയാണ് പരാതികളായി മുന്നിലെത്തിയത്. ഇത് പരിഹരിക്കുന്നതിന് ദേശീയപാത അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടന്ന ദേശീയപാത വികസന അവലോകന യോഗത്തിൽ ഇത്തരം കാര്യങ്ങളിൽ പൊതുനിർദ്ദേശം നൽകിയിരുന്നു. ഇനിയും

പ്രശ്നങ്ങളുള്ളിടങ്ങൾ ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി അവ പരിഹരിക്കാനാവശ്യമായ ഇടപെടൽ നടത്തും. സംസ്ഥാനത്ത് വളരെ വേഗത്തിൽ ദേശീയപാത വികസനം പുരോഗമിക്കുന്നത് മലപ്പുറം ജില്ലയിലാണ്. 39.68 കി.മീ. നീളം വരുന്ന അതായത് 77 കി.മീ. ആണ് ദേശീയപാത 66, അതിൽ 39.68 കി.മീ. നീളം വരുന്ന രാമനാട്ടുകര-വളാഞ്ചേരി റീച്ചിലും 37.35 കി.മീ. നീളുന്ന വളാഞ്ചേരി-കാപ്പിരിക്കാട് റീച്ചിലുമാണ് പ്രവൃത്തി പുരോഗമിക്കുന്നത്. രാമനാട്ടുകര-വളാഞ്ചേരി സ്ട്രച്ചിൽ 72 ശതമാനവും വളാഞ്ചേരി-കാപ്പിരിക്കാട് സ്ട്രച്ചിൽ 79.4 ശതമാനവും പ്രവൃത്തി പുരോഗതിയിലാണ്. ഈ രണ്ട് റീച്ചുകളിലുമായി 60 ശതമാനം DBM പ്രവൃത്തികളും പൂർത്തീകരിച്ചു. റീച്ചിലെ പ്രധാന പാലങ്ങൾ, വയഡക്റ്റുകൾ, ഫ്ലൈഓവർ പ്രവൃത്തികളും പൂർത്തീകരണത്തിലാണ്. പലയിടങ്ങളിലും ആറ് വരി ഗതാഗതം സാധ്യമാക്കുകയും ചെയ്തു. 21-03-2024-ലെ സുപ്രീംകോടതി വിധിയെ തുടർന്ന് ചിലയിടങ്ങളിൽ നിർമ്മാണ വസ്തുക്കളുടെ അഭാവം ദേശീയപാത വികസനത്തെ ബാധിച്ചതായും അത് പരിഹരിച്ചുവരുന്നതായും NHAI അറിയിച്ചിട്ടുണ്ട്. ഇതിനിടയിലും ദേശീയപാത പ്രവൃത്തി

പുരോഗമിക്കുകയാണ്. ഈ ദേശീയപാത വികസന പുരോഗതി കൃത്യമായ ഇടവേളകളിൽ സംസ്ഥാന സർക്കാർ വിലയിരുത്തുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിന്റെ യോഗം ഇടയ്ക്കിടെ വിളിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് യോഗം ചേരുന്നുണ്ട്. നമുക്കറിയാം, ഈ പദ്ധതി ജനങ്ങളുടെ സ്വപ്ന പദ്ധതിയാണ്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ 45 മീറ്റർ ആറുവരിയെന്ന സ്വപ്ന പദ്ധതി ഒരു കാലത്ത് മുടങ്ങിയിരുന്നതാണ്. ജീവൻ നഷ്ടപ്പെട്ടുവെന്ന് കരുതിയ പദ്ധതിക്ക് പുതുജീവൻ നൽകിയ മുഖ്യമന്ത്രിയുടെ പേര് ശ്രീ. പിണറായി വിജയനെന്നും സർക്കാരിന്റെ പേര് എൽ.ഡി.എഫ്. സർക്കാർ എന്നുമാണ്. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ഭൂമി ഏറ്റെടുക്കലിന് ഒരു സംസ്ഥാന സർക്കാർ പണം ചെലവഴിച്ച പദ്ധതിയാണ് ദേശീയപാത 66, ഇത് വസ്തുതയാണ്. എല്ലാവരും യോജിച്ചുനിന്നുകൊണ്ടാണ് ഈ പദ്ധതി യാഥാർത്ഥ്യമാക്കേണ്ടത്. അതിൽ ഭരണകക്ഷി, പ്രതിപക്ഷമെന്നൊന്നുമില്ല. ഞങ്ങളൊരു ടീം മലപ്പുറം ജില്ലയിൽ നേരിട്ട് വന്നിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവുൾപ്പെടെ അതിനോട് സഹകരിച്ചു. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ എടുക്കുന്ന നിലപാടും സംസ്ഥാന സർക്കാരിന്റെ

താൽപ്പര്യവും NHAI തന്നെ നിരവധി തവണ അഭിനന്ദിച്ചതും ദി ഹിന്ദു എന്ന ദിനപത്രമുൾപ്പെടെ നിരവധി തവണ ഇതിൽ വാർത്തകൾ നൽകിയതുമാണ് എന്നുള്ളത് ഞാൻ ബഹുമാനപ്പെട്ട അംഗത്തെയും കേരളത്തിലെ ചില മാധ്യമങ്ങളെയും അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

-------------------------